[illegible]2-151/2017

കേരള സംസ്ഥാന ഓഡിറ്റ് [illegible]
കേരള ആരോഗ്യശാസ്ത്ര സർവ്വകലാശാല ഓഡിറ്റ്
മെഡിക്കൽ കോളേജ് .പി.ഒ.. 680 596
E-mail : healthuty.ksad@kerala.gov.in
ഫോൺ നം : 0487-2207698
തീയതി:05.06.2017
09.06.2017

ജോയിന്റ് ഡയറക്ടർ

രജിസ്ട്രാർ,
കേരള ആരോഗ്യശാസ്ത്ര സർവ്വകലാശാല

സർ,

വിഷയം: കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്- കേരള ആരോഗ്യശാസ്ത്ര സർവ്വകലാശാല ഓഡിറ്റ്- 2013-14, 2014-15 സാമ്പത്തിക വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട്- സംബന്ധിച്ച്.

1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 13-ാം വകുപ്പ്, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ അനുസരിച്ച് കേരള ആരോഗ്യശാസ്ത്ര സർവ്വകലാശാലയുടെ 2013-14, 2014-15 സാമ്പത്തിക വർഷങ്ങളിലെ വരവു ചെലവു കണക്കുകളുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) പ്രകാരം ഓഡിറ്റ് റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിട്ടുള്ള കുറവുകൾ/അപാകതകൾ പരിഹരിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതും പരിഹാരനടപടി റിപ്പോർട്ട് തയ്യാറാക്കേണ്ടതും സർവ്വകലാശാലയുടെ മുഖ്യനിർവ്വഹകനായ വൈസ് ചാൻസലറുടെ ഉത്തരവാദിത്തം ആണ്.2010 ലെ കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാലാ നിയമം 23(xli) പ്രകാരം ഓഡിറ്റ് റിപ്പോർട്ട് പരിഗണിക്കേണ്ടത് ഗവേണിംഗ് കൗൺസിലിന്റെ അധികാരങ്ങളിൽ ഉൾപ്പെടുന്ന കർത്തവ്യമാണ്. ആയതിനാൽ ഈ റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം നിയമാനുസൃത നടപടികൾ പൂർത്തിയാക്കി ഗവേണിംഗ് കൗൺസിൽ അംഗീകരിച്ച പരിഹാരനടപടി റിപ്പോർട്ട് സർക്കാരിനും ഈ കാര്യാലയത്തിനും ലഭ്യമാക്കണം എന്ന് അഭ്യർത്ഥിക്കുന്നു. (സർവ്വകലാശാലാ നിയമം, വകുപ്പ് 68(7), ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1))

രണ്ട് മാസത്തിന് ശേഷം ഈ റിപ്പോർട്ടിന്മേൽ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമവും ചട്ടവും അനുസരിച്ചുള്ള തുടർനടപടികൾ സ്വീകരിക്കാൻ ഈ കാര്യാലയം ബാധ്യസ്ഥമാണ് എന്ന വിവരവും അറിയിക്കുന്നു

വിശ്വസ്തതയോടെ

ജോയിന്റ് ഡയറക്ടർ.

പകർപ്പ്:
1) സെക്രട്ടറി, സംസ്ഥാന ആരോഗ്യ[illegible] വകുപ്പ്, ഗവ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2) കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, [illegible] തിരുവനന്തപുരം (ഉപരിപത്രം സഹിതം)
3) ഓഫീസ് കോപ്പി.

നം.കെ.എസ്.എ-(എച്ച്.യു)ജെ2-151/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
കേരള ആരോഗ്യശാസ്ത്ര സർവ്വകലാശാല ഓഡിറ്റ്,
മെഡിക്കൽ കോളേജ് .പി.ഒ., 680 596
തീയതി: 05.06.2017

കേരള ആരോഗ്യശാസ്ത്ര സർവ്വകലാശാലയുടെ 2013-14, 2014-15 വർഷങ്ങളിലെ കണക്കുകളുടെ ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 13-ാം വകുപ്പ്, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങൾ, ചട്ടം 18 , 2010 ലെ കേരള ആരോഗ്യശാസ്ത്ര സർവ്വകലാശാലനിയമം 68(4) വകുപ്പ് എന്നിവ പ്രകാരം പുറപ്പെടുവിക്കുന്ന

ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥരുടെ പേരും ഉദ്യോഗപ്പേരും :

ശ്രീ.റഫി ജോൺ, ഓഡിറ്റ് ഓഫീസർ (ജോയിന്റ് ഡയറക്ടറുടെ അധികച്ചുമതല)	03.08.2016 മുതൽ 19.09.2016 വരെ
ശ്രീ.മധുസൂദനൻ.പി.എൻ, ജോയിന്റ് ഡയറക്ടർ	20.09.2016 മുതൽ 21.10.2016 വരെ
ശ്രീമതി.പ്രമീള.കെ.എസ്., ജോയിന്റ് ഡയറക്ടർ	22.10.2016 മുതൽ 20.05.2017 വരെ

ഓഡിറ്റ് തിയതി : 03.08.2016 മുതൽ 20.05.2017 വരെ

ഓഡിറ്റ് നടത്തിയവരുടെ പേരുവിവരം :

1	ശ്രീ.റഫി ജോൺ, ഓഡിറ്റ് ഓഫീസർ	03.08.2016 മുതൽ 19.09.2016 വരെ
2	ശ്രീ.വി.പി.ഷോബി, ഓഡിറ്റ് ഓഫീസർ	26.09.2016 മുതൽ 20.05.2017 വരെ
3	ശ്രീമതി.റീന ജോസഫ് അസി.ഓഡിറ്റ് ഓഫീസർ	12.08.2016 മുതൽ 31.08.2016 വരെ
4	ശ്രീ.വി.എ.ഹാരിഷ് അസി.ഓഡിറ്റ് ഓഫീസർ	17.09.2016 മുതൽ 20.05.2017 വരെ
5	ശ്രീ.പ്രസാദ്.പി.ജി., സീനിയർ ഗ്രേഡ് ഓഡിറ്റർ	12.08.2016 മുതൽ 20.05.2017 വരെ
6	ശ്രീമതി.വിദ്യ.ഒ.കെ.,ഓഡിറ്റർ	03.08.2016 മുതൽ 05.09.2016 വരെ
7	ശ്രീമതി.ശ്രീജ.കെ.ടി., ഓഡിറ്റർ	09.09.2016 മുതൽ 20.05.2017 വരെ

1. ആമുഖം

കേരള സംസ്ഥാനത്ത് ആധുനിക വൈദ്യശാസ്ത്രം, ഹോമിയോപ്പതി, ആയുർവേദം, സിദ്ധയും യോഗയും പ്രകൃതിചികിത്സയും യൂനാനിയും അനുബന്ധശാസ്ത്രങ്ങളും ഉൾപ്പെടെയുള്ള ഭാരതീയ ചികിത്സാ സമ്പ്രദായം എന്നിവയ്ക്ക് മാത്രമായി ശരിയായതും ക്രമപ്രകാരമുള്ളതുമായ ബോധനം, അദ്ധ്യാപനം, പരിശീലനം, ഗവേഷണം എന്നിവ ഉറപ്പുവരുത്തുന്ന ആവശ്യത്തിലേക്കു 07.12.2009 ന് വിളംബരപ്പെടുത്തിയ 'കേരള ആരോഗ്യത്തിനും അനുബന്ധശാസ്ത്രങ്ങൾക്കും ഉള്ള സർവ്വകലാശാല ഓർഡിനൻസ്, 2010', '22.01.2011 ന് വിളംബരപ്പെടുത്തിയ കേരള ആരോഗ്യശാസ്ത്ര സർവ്വകലാശാല നിയമം, 2010' എന്നിവ പ്രകാരം കേരള ആരോഗ്യശാസ്ത്ര സർവ്വകലാശാല നിലവിൽവന്നു. സർവ്വകലാശാലയുടെ പ്രഥമ സ്റ്റാറ്റ്യൂട്ട് 2013-ൽ സർക്കാർ ഉത്തരവ്(അ)നം.125/2013/ആ.കു.ക്ഷേ.വ./തീയതി 04.04.2013 പ്രകാരം നിലവിൽ വന്നു. സർവ്വകലാശാലയുടെ പ്രാദേശിക അധികാരികത കേരള സംസ്ഥാനം മുഴുവൻ വ്യാപിച്ചിട്ടുള്ളതും ആസ്ഥാനം തൃശ്ശൂരും ആണ്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം, വകുപ്പ് 3(1)പ്രകാരമുള്ള പട്ടികയിലെ ക്രമ നമ്പർ 5 ആയി സംസ്ഥാനത്തെ എല്ലാ സർവ്വകലാശാലകളും ഉൾപ്പെടുന്നുണ്ട്. 2010 ലെ കേരള ആരോഗ്യശാസ്ത്ര സർവ്വകലാശാലാ നിയമം വകുപ്പ് 68(1)ലെ വ്യവസ്ഥയനുസരിച്ച് സർവ്വകലാശാലയുടെ ഓഡിറ്റിനായി ഈ വകുപ്പിനെ (ഉത്തരവ് നമ്പർ 586/2011/ധനം തിയതി 03.12.2011) സർക്കാർ ചുമതലപ്പെടുത്തി.

2. ഓഡിറ്റിന്റെ വ്യാപ്തിയും പരിമിതികളും

2013-14, 2014-15 വർഷങ്ങളിലെ ഓഡിറ്റിനോടനുബന്ധിച്ച് ആകെ 20 ഓഡിറ്റ് റിക്വിസിഷനുകളും 38 ഓഡിറ്റ് എൻക്വയറികളും നൽകുകയുണ്ടായി. ഇതിൽ 37 ഓഡിറ്റ് എൻക്വയറികൾക്ക് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഓഡിറ്റ് റിക്വിസിഷനിലൂടെ ആവശ്യപ്പെട്ട ഫയലുകളും രേഖകളും ഇനിയും ലഭ്യമാക്കാനുണ്ട്. ഓഡിറ്റിന് ഇതുവരെ ലഭ്യമാക്കിയ രേഖകളും രജിസ്റ്ററുകളും പരിശോധിച്ചും ഓഡിറ്റ് എൻക്വയറികൾക്ക് ലഭ്യമാക്കിയ മറുപടികൾ പരിഗണിച്ചുമാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളത്.

3. സർവ്വകലാശാലയുടെ ചുമതലകൾ

സർവ്വകലാശാലയുടെ പ്രധാനപ്പെട്ട ചുമതലകൾ താഴെ പറയുന്നവയാണ്.

(i) വൈദ്യശാസ്ത്രവും അനുബന്ധ ശാസ്ത്രങ്ങളുമായി ബന്ധപ്പെട്ട, സർവ്വകലാശാല യുക്തമെന്നു കരുതുന്ന, അങ്ങനെയുള്ള പഠനശാഖകളിൽ ബോധനവും പരിശീലനവും നല്കുക;

(ii) വൈദ്യശാസ്ത്രത്തിലും അനുബന്ധ ശാസ്ത്രങ്ങളിലും ഗവേഷണത്തിനു വേണ്ടിയും അറിവിന്റെ ഉന്നമനത്തിനും വ്യപനത്തിനും വേണ്ടിയും വ്യവസ്ഥ ചെയ്യുക;

(iii) ബിരുദങ്ങളും, ഡിപ്ലോമകളും, സർട്ടിഫിക്കറ്റുകളും മറ്റ് അക്കാഡമിക് ബഹുമതികളും ഏർപ്പെടുത്തുകയും നൽകുകയും ചെയ്യുക തുടങ്ങി Xlii വരെയുള്ള ഉപവകുപ്പുകൾ (കേരള ആരോഗ്യശാസ്ത്ര സർവ്വകലാശാലാ നിയമം,2010 വകുപ്പ് 6 കാണുക.)

4. സർവ്വകലാശാലയുടെ ലക്ഷ്യങ്ങൾ

(i) വൈദ്യശാസ്ത്ര ഗവേഷണം പരിപോഷിപ്പിച്ചുകൊണ്ടും പ്രോത്സാഹിപ്പിച്ചുകൊണ്ടും വൈദ്യശാസ്ത്രങ്ങളുടെയും അനുബന്ധ മേഖലകളിലെയും പഠനവും അറിവും പുരോഗമിപ്പിക്കുകയും വ്യാപിപ്പിക്കുകയും ചെയ്യുക;

(ii) വൈദ്യശാസ്ത്ര മേഖലയിലെ പുരോഗതികളുടെ അടിസ്ഥാനത്തിലുള്ള പുതിയ പാഠ്യക്രമങ്ങളും പാഠ്യപദ്ധതികളും തയ്യാറാക്കുക;

(iii) അഫിലിയേറ്റ് ചെയ്ത കോളേജുകളുടെയോ സ്ഥാപനങ്ങളുടെയോ അക്കാഡമിക് നിലവാരം ക്രമപ്പെടുത്തുക;

(iv) ആരോഗ്യത്തിന്റെ പ്രതിരോധവും പ്രോത്സാഹനവും സംബന്ധിച്ച കാര്യങ്ങൾ മെച്ചപ്പെടുത്തുക;

(v) സമൂഹത്തിന്റെ ആരോഗ്യ പ്രശ്നങ്ങൾ പരിഹരിക്കാനുള്ള പദ്ധതികൾ സംഘടിപ്പിക്കുക;

(vi) സംസ്ഥാനത്ത് വൈദ്യശാസ്ത്ര മാനവശേഷി വികസനത്തിന് നേതൃത്വം നൽകുക;

(vii) സംസ്ഥാനത്തിനുവേണ്ടി ആരോഗ്യാസൂത്രണത്തിനും ആരോഗ്യ നയരൂപീകരണത്തിനും നേതൃത്വം നൽകുക;

(viii) സാംക്രമിക രോഗ പഠനത്തിനും സംസ്ഥാനത്ത് വ്യാപകമായിട്ടുള്ള രോഗങ്ങൾ നിരീക്ഷിക്കുന്നതിനും ജാഗ്രതയോടെയുള്ള മേൽനോട്ടം വഹിക്കുന്നതിനുള്ള സംവിധാനത്തിന് ഊന്നൽ നൽകുക;

(ix) മറ്റ് ദേശീയവും അന്തർദേശീയവുമായ സ്ഥാപനങ്ങളുമായി ബന്ധപ്പെടുന്നതിന് നോഡൽ ഏജൻസിയായി പ്രവർത്തിക്കുക;

(x) വിവിധ വൈദ്യശാസ്ത്ര സമ്പ്രദായങ്ങൾ തമ്മിലുള്ള സംവാദത്തിനുള്ള ഒരു വേദി ഒരുക്കുക;

(xi) വിവിധ വൈദ്യശാസ്ത്ര സമ്പ്രദായങ്ങൾ തമ്മിലുള്ള കൂട്ടായ ഗവേഷണ പരിപാടികൾക്കും സമന്വയത്തിനുമുള്ള അവസരങ്ങൾ ആരായുക;

(xii) വൈദ്യശാസ്ത്രത്തിന്റെയും അനുബന്ധ ശാസ്ത്രങ്ങളുടെയും വിദ്യാഭ്യാസത്തിനുള്ള സൗകര്യങ്ങളുടെ നീതിപൂർവ്വകമായ വിതരണം പ്രോത്സാഹിപ്പിക്കുക;

(xiii) ദ്രുതഗതിയിൽ വികസിച്ചുകൊണ്ടും മാറിക്കൊണ്ടുമിരിക്കുന്ന സമൂഹത്തിൽ അറിവ് ആർജ്ജിക്കുന്നതിന് പ്രോത്സാഹിപ്പിക്കുകയും പഠിക്കുന്ന ഒരു സമൂഹത്തിന് ഉചിതമായ ആധുനിക ആശയ വിനിമയ മാധ്യമങ്ങളും സാങ്കേതിക വിദ്യയും ഉപയോഗിച്ചുകൊണ്ട് വൈദ്യശാസ്ത്രങ്ങളുമായി ബന്ധപ്പെട്ട വിദ്യാഭ്യാസ ശൃംഖല സ്ഥാപിച്ചുകൊണ്ട് മാനുഷിക പരിശ്രമത്തിന്റെ എല്ലാ മേഖലകളിലും നൂതന രീതികളുടെയും ഗവേഷണത്തിന്റെയും കണ്ടുപിടിത്തത്തിന്റെയും പശ്ചാത്തലത്തിൽ അറിവ് വർദ്ധിപ്പിക്കുന്നതിനും പരിശീലനം നല്കുന്നതിനും വൈദഗ്ദ്ധ്യ വികസനത്തിനും തുടർച്ചയായ അവസരങ്ങൾ നല്കുകയും ചെയ്യുക;

(xiv) ഗവേഷണങ്ങളും ബന്ധപ്പെട്ട മേഖലയിലെ മറ്റ് അക്കാഡമിക് പ്രവർത്തനങ്ങളും പ്രോത്സാഹിപ്പിച്ചുകൊണ്ട് ഭാരതീയ ചികിത്സാ സമ്പ്രദായത്തിന്റെയും അതിന്റെ എല്ലാ ശാഖകളുടെയും ഹോമിയോപ്പതിയുടെയും വികസനത്തിനായി കൂടുതൽ ഊന്നൽ നല്കുക.

5. <u>സർവ്വകലാശാലയുടെ സംഘടനാരൂപം</u>

സർവ്വകലാശാലാ നിയമം 4-ാം വകുപ്പനുസരിച്ച് സർവ്വകലാശാലയുടെ ഘടന താഴെപറയും പ്രകാരമാണ്.

(എ) സർവ്വകലാശാലയുടെ സ്ഥാപനങ്ങൾ

(i) കാലാകാലങ്ങളിൽ സർവ്വകലാശാല തീരുമാനിക്കുന്ന മേഖലകളിലെ പഠനത്തിനും ഗവേഷണത്തിനുമുള്ള സ്കൂളുകൾ

(ii) സർവ്വകലാശാല നേരിട്ടു നടത്തുന്ന, അണ്ടർ ഗ്രാജ്വേറ്റും പോസ്റ്റ് ഗ്രാജ്വേറ്റും അദ്ധ്യാപനത്തിൽ പ്രധാനമായും ശ്രദ്ധ കേന്ദ്രീകരിച്ചിട്ടുള്ള കോൺസ്റ്റിറ്റ്യുവന്റ് കോളേജുകൾ

(ബി) സർക്കാർ മേഖലയിലും സ്വകാര്യ എയ്ഡഡ് അല്ലെങ്കിൽ അൺ എയ്ഡഡ് മേഖലകളിൽ രണ്ടിലും അഫിലിയേറ്റ് ചെയ്ത കോളേജുകൾ.

(സി) അംഗീകൃത സ്ഥാപനങ്ങൾ

സർവ്വകലാശാലയുടെ കീഴിൽ 2013-14, 2014-15 വർഷങ്ങളിൽ അഫിലിയേറ്റഡ് കോളേജുകൾ മാത്രമാണുള്ളത്. അവയുടെ എണ്ണം ചുവടെ ചേർക്കുന്നു.

അഫിലിയേറ്റഡ് സ്ഥാപനങ്ങൾ	*എണ്ണം*	
	2013-14	*2014-15*
മെഡിക്കൽ കോളേജുകൾ	22	30
ഡെന്റൽ കോളേജുകൾ	23	24
ആയുർവേദ കോളേജുകൾ	16	16
ഹോമിയോ കോളേജുകൾ	5	5
സിദ്ധ മെഡിക്കൽ കോളജുകൾ	1	1
ഫാർമസി കോളേജുകൾ	30	34
നഴ്സിംഗ് കോളേജുകൾ	116	118
പാരാമെഡിക്കൽ കോളേജുകൾ	33	37
ആകെ	**246**	**265**

[illegible] 2014-15 സാമ്പത്തിക വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട്

6.സർവ്വകലാശാലയിലെ അധികാരസ്ഥാനങ്ങൾ

(കേരള ആരോഗ്യശാസ്ത്ര സർവ്വകലാശാലാനിയമം വകുപ്പ് 19 കാണുക)

ക്രമ നം.	അധികാര സ്ഥാനത്തിന്റെ പേര്	ആകെ അംഗങ്ങളുടെ എണ്ണം	ക്വാറം (കുറഞ്ഞത്)	ചേരേണ്ട വാർഷികയോഗങ്ങളുടെ എണ്ണം	[1]2013-14, 2014-15 സാമ്പത്തിക വർഷങ്ങളിൽ നടന്ന യോഗങ്ങളുടെ തിയതി	പങ്കെടുത്ത അംഗങ്ങളുടെ എണ്ണം	കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാല നിയമം, വകുപ്പ്
1	സെനറ്റ്	96	25 / ആകെ അംഗങ്ങളുടെ നാലിലൊന്ന്	2	2013-14, 2014-15 കാലയളവിൽ രൂപീകരിച്ചിട്ടില്ല	-	20
2	ഗവേണിംഗ് കൗൺസിൽ	17	9	4	15.06.2013 26.08.2013 11.10.2013 23.11.2013 19.02.2014 03.04.2014 25.04.2014 14.05.2014 14.07.2014 17.11.2014 11.02.2015 30.03.2015	12 9 11 12 11 12 11 10 12 10 12 10	22
3	അക്കാദമിക് കൗൺസിൽ	67	10 / ആകെ അംഗങ്ങളുടെ അഞ്ചിലൊന്ന് (സ്റ്റാറ്റ്യൂട്ട് പ്രകാരം ആകെ അംഗങ്ങളുടെ നാലിലൊന്ന്)	3	7.10.2013 28.12.2013 29.4.2014 29.12.2014	40 40 34 30	24

[1] 2013-14, 2014-15 സാമ്പത്തിക വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട്

4	പരീക്ഷാബോർഡ്	14	ആകെ അംഗങ്ങളുടെ രണ്ടിലൊന്ന്	2(ഓരോ അക്കാഡമിക് ടേമിലും)	27.4.2013 14.2.2014	11 9	26
5	പഠനബോർഡ്	11	ആകെ അംഗങ്ങളുടെ രണ്ടിലൊന്ന്	1	2.5.2013 21.6.2013 6.9.2013	3 3 7	28
6	ഫാക്കൽറ്റി	11	ആകെ അംഗങ്ങളുടെ രണ്ടിലൊന്ന്	1(ഓരോ അക്കാദമിക് വർഷത്തിലും)	27.8.2013 4.12.2013 24.1.2014	9 10 11	30
7	ഫിനാൻസ് കമ്മിറ്റി	7	4	4 (ഓരോ പാദവർഷത്തിലും 1 തവണ)	14.6.2013 20.9.2013 17.2.2014 11.7.2014 15.11.2014 10.2.2015	4 5 5 5 6 5	32
8	പ്ളാനിംഗ് കമ്മിറ്റി	15	ആകെ അംഗങ്ങളുടെ മൂന്നിലൊന്ന്	3	രൂപീകരിച്ചിട്ടില്ല	-	33
9	റിസർച്ച് കൗൺസിൽ	9	നിയമത്തിൽ പ്രത്യേക പരാമർശമില്ല	നിയമത്തിൽ പ്രത്യേക പരാമർശമില്ല	19.7.2013	6	35
10	യൂണിവേഴ്സിറ്റി ക്വാളിറ്റി അഷ്വറൻസ് കൗൺസിൽ	ഗവേണിംഗ് കൗൺസിലുമായി ചർച്ച നടത്തി വി.സി. നാമനിർദ്ദേശം ചെയ്യുന്ന അംഗങ്ങൾ	നിയമത്തിൽ പ്രത്യേക പരാമർശമില്ല	നിയമത്തിൽ പ്രത്യേക പരാമർശമില്ല	രൂപീകരിച്ചിട്ടില്ല	-	36

11	എത്തിക്സ് കമ്മിറ്റി	13 അംഗങ്ങളെ ഉൾപ്പെടുത്തി 17.03.2015 മുതൽ പുന:രൂപീകരിച്ചു	നിയമത്തിൽ പ്രത്യേക പരാമർശമില്ല	നിയമത്തിൽ പ്രത്യേക പരാമർശമില്ല	20.12.2014	9	37
12	സ്റ്റുഡൻസ് കൗൺസിൽ	26	ആകെ അംഗങ്ങളുടെ നാലിലൊന്ന്	2	13.1.2015	7	38

7. ഓഡിറ്റിന് വിധേയമാക്കിയ കണക്കുകൾ

സർവ്വകലാശാലക്കു ലഭിച്ച തനതു വരുമാനത്തിന്റെയും മറ്റ് ഏജൻസികളിൽ നിന്ന് ലഭിച്ച ഫണ്ടുകളുടെയും വരവ്, അക്കൗണ്ടുകളിൽ ഒടുക്കിയത്, പിൻവലിക്കൽ എന്നിവ പരിശോധനക്കു വിധേയമാക്കുകയുണ്ടായി.

സർവ്വകലാശാലക്ക് വിവിധ ആവശ്യങ്ങൾക്കായി സംസ്ഥാന സർക്കാർ, മറ്റ് ഏജൻസികൾ തുടങ്ങിയവയിൽ നിന്നും ധനസഹായം ലഭിച്ചതിന്റെ കണക്കുകളും ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.

8. ഉത്തരവാദികളായ നിർവ്വഹണ ഉദ്യോഗസ്ഥർ

വൈസ് ചാൻസലർ	ഡോ.കെ.മോഹൻദാസ്	01.04.2013 മുതൽ 25.7.2014 വരെ
	ഡോ.കെ.ഇളങ്കോവൻ, ഐ.എ.എസ്. (അധികച്ചുമതല)	26.7.2014 മുതൽ 27.10.2014 വരെ
	ഡോ.എം.കെ.സി.നായർ	28.10.2014 മുതൽ 31.3.2015 വരെ
പ്രൊ.വൈസ് ചാൻസലർ	ഡോ. സി.രത്നാകരൻ	01.04.2013 മുതൽ 31.03.2015 വരെ

രജിസ്ട്രാർ	ഡോ.ഐപ്പ് വർഗ്ഗീസ്	01.04.2013 മുതൽ 31.01.2015 വരെ
	ഡോ.പി.കെ.സുധീർ (അധികച്ചുമതല)	01.02.2015 മുതൽ 31.3.2015 വരെ
കൺട്രോളർ ഓഫ് എക്സാമിനേഷൻ	ഡോ. പി.കെ.സുധീർ	01.04.2013 മുതൽ 31.03.2015 വരെ
ഫിനാൻസ് ഓഫീസർ	ശ്രീ. ജി.ഗോപകുമാർ	01.04.2013 മുതൽ 25.03.2015 വരെ
	ഡോ. പി.കെ.സുധീർ	26.03.2015 മുതൽ 31.03.2015 വരെ

9. റിപ്പോർട്ടിന്റെ ഉള്ളടക്കം

ഈ റിപ്പോർട്ടിന് താഴെ പറയുന്ന ഭാഗങ്ങൾ ഉണ്ട്.

ഭാഗം - 1 പൊതുഅവലോകനം

ഭാഗം - 2 വരവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

ഭാഗം - 3 ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

ഭാഗം - 4 ധനസ്ഥിതി വിവരണവും ഓഡിറ്റ് പ്രത്യവലോകനവും

ഭാഗം-1
പൊതു അവലോകനം

1.1) ബജറ്റ്

1.1.1) 2013-14, 2014-15 സാമ്പത്തിക വർഷങ്ങളിലെ ബജറ്റ് - നിയമാനുസൃത നടപടികൾ പാലിച്ചിട്ടില്ല

ബജറ്റ് തയ്യാറാക്കൽ, പാസ്സാക്കൽ, നിർവ്വഹണം എന്നിവ സംബന്ധിച്ച് സർവ്വകലാശാല നിയമത്തിലെ വ്യവസ്ഥകൾ താഴെപ്പറയുന്നവയാണ്.

വകുപ്പ് 23(iv)	സ്റ്റാറ്റ്യൂട്ടുകളിലെ വ്യവസ്ഥകൾക്ക് അനുസൃതമായി സർവ്വകലാശാലയുടെ ബജറ്റും ധനപരമായ കണക്കും പരിഗണിക്കുകയും പാസ്സാക്കുകയും ചെയ്യുക (ഗവേണിംഗ് കൗൺസിലിന്റെ അധികാരങ്ങൾ)
വകുപ്പ് 23(xix)	ഫൈനാൻസ് കമ്മിറ്റിയിൽ നിന്നും ലഭിച്ച പ്രകാരമുള്ള ബജറ്റ് എസ്റ്റിമേറ്റ് അതിന്റേതായ ഭേദഗതികൾ എന്തെങ്കിലും ഉണ്ടെങ്കിൽ, അവയോടുകൂടി അംഗീകരിക്കുക (ഗവേണിംഗ് കൗൺസിലിന്റെ അധികാരങ്ങൾ)
വകുപ്പ് 32(2)(i)	സർവ്വകലാശാലയുടെ ബജറ്റ് എസ്റ്റിമേറ്റ് തയ്യാറാക്കുകയും ചെലവിന്റെ കണക്കുകൾ പുനരവലോകനം ചെയ്യുകയും ഗവേണിംഗ് കൗൺസിലിന് ശുപാർശ നടത്തുകയും ചെയ്യുക (ഫൈനാൻസ് കമ്മിറ്റിയുടെ അധികാരങ്ങൾ)
വകുപ്പ് 66(1)	അടുത്ത സാമ്പത്തിക വർഷത്തേക്കുള്ള സർവ്വകലാശാലയുടെ വാർഷിക ബജറ്റ് എസ്റ്റിമേറ്റുകൾ ധനവിവര പത്രികയോടൊപ്പം ഫൈനാൻസ് ഓഫീസർ വൈസ് ചാൻസലറുടെ നിർദ്ദേശപ്രകാരം സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടാവുന്ന തീയതിക്ക് മുമ്പ് തയ്യാറാക്കേണ്ടതും ഗവേണിംഗ് കൗൺസിലിന്റെ അംഗീകാരത്തിന് സമർപ്പിക്കേണ്ടതുമാണ്. ഗവേണിംഗ് കൗൺസിലിന്റെ അംഗീകാരം ലഭിച്ചശേഷം ആയത് സെനറ്റിൽ ചർച്ചക്ക് ഹാജരാക്കേണ്ടതാണ്.

2010 ലെ സർവ്വകലാശാല നിയമം,വകുപ്പ് 40(2)(xxi) പ്രകാരം അക്കൗണ്ടിംഗ് സമ്പ്രദായവും ബഡ്ജറ്റ് തയ്യാറാക്കി അംഗീകരിക്കേണ്ട വിധവും സ്റ്റാറ്റ്യൂട്ടിനാൽ വ്യവസ്ഥ ചെയ്യപ്പെടേണ്ടതാണ്. എന്നാൽ ഈ വിഷയത്തിൽ നാളിതുവരെ സ്റ്റാറ്റ്യൂട്ട് തയ്യാറാക്കിയിട്ടില്ല.

2013-14 വർഷത്തെ ബജറ്റ് ഫിനാൻസ് കമ്മിറ്റിയിലോ ഗവേണിംഗ് കൗൺസിലിലോ ചർച്ച ചെയ്തതിന്റെയോ, അംഗീകരിച്ചതിന്റെയോ മിനിട്സുകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

2014-15 വർഷത്തെ ബജറ്റ് 17.02.2014 ൽ കൂടിയ 11-ാമത് ഫിനാൻസ് കമ്മിറ്റിയിൽ അജണ്ട 11.3 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ 11.07.2014 ൽ കൂടിയ 12-ാമത് ഫിനാൻസ് കമ്മിറ്റിയിലാണ് മുൻ യോഗ കുറിപ്പുകൾ അംഗീകരിച്ചിട്ടുള്ളത്. 19.02.2014 ലെ 17-ാമത് ഗവേണിംഗ് കൗൺസിലിന്റെ അജണ്ട 17.22 ആയി 11-ാമത് ഫിനാൻസ് കമ്മിറ്റിയുടെ തീരുമാനങ്ങൾ അംഗീകരിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ബജറ്റിൻമേൽ യാതൊരു ചർച്ചയും നടത്തിയതായി കാണുന്നില്ല.

ഒരു സാമ്പത്തിക വർഷത്തിലെ ഓരോ അക്കൗണ്ട് ഹെഡ്ഡിലുമുള്ള പ്രതീക്ഷിത വരുമാനത്തിന്റെ ചുരുക്കരൂപമാണ് ബജറ്റ്. ഓരോ ഇനത്തിലും ചെലവഴിക്കാൻ സാധിക്കുന്നതെത്ര എന്നതും ബജറ്റിന്റെ രൂപീകരണലക്ഷ്യമാണ്. ഇപ്രകാരം ഒരു സാമ്പത്തിക വർഷത്തെ സാമ്പത്തികാസൂത്രണത്തിന്റെയും സാമ്പത്തിക അച്ചടക്കത്തിന്റെയും ഉപകരണമായ ബജറ്റ് പരിശോധിക്കപ്പെടേണ്ടതും അംഗീകരിക്കപ്പെടേണ്ടതും സർവ്വകലാശാലയുടെ ഭരണനിർവ്വഹണം നടത്തുന്ന അധികാരസ്ഥാനത്തിലായിരിക്കണം എന്ന നിയമവ്യവസ്ഥ ഇവിടെ പാലിക്കപ്പെട്ടിട്ടില്ല. സർവ്വകലാശാലയിലെ ഓരോ കൊടുക്കൽ വാങ്ങലുകൾക്കും പ്രവൃത്തികൾക്കും പര്യാപ്തമായ ഫണ്ട് നീക്കിവെച്ചിട്ടുണ്ടോ എന്ന് വിലയിരുത്തേണ്ടതും പരിശോധിക്കേണ്ടതും സർവ്വകലാശാലയിലെ ആസ്തികളുടെയും വസ്തുവകകളുടെയും നിയന്ത്രണ ഏജൻസിയായ ഗവേണിംഗ് കൗൺസിലിലാണ്. ഫിനാൻസ് കമ്മിറ്റിക്ക് ബജറ്റ് എസ്റ്റിമേറ്റ് തയ്യാറാക്കുന്ന ചുമതല മാത്രമാണുള്ളത്. അതിന്മേതായ ഭേദഗതികൾ നിർദ്ദേശിക്കേണ്ടതും നടപ്പിൽ വരുത്തേണ്ടതും ഗവേണിംഗ് കൗൺസിൽ തന്നെയായിരിക്കണം. മുൻ വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിന്മേൽ ഇതു സംബന്ധിച്ച് പരാമർശിച്ചിരുന്നു. നിലവിലെ നിയമവ്യവസ്ഥകളനുസരിച്ച് ബജറ്റ് പാസാക്കുന്നതിനുള്ള നടപടികൾ സർവ്വകലാശാലാധികൃതർ സ്വീകരിക്കേണ്ടതാണ്.

1.1.2) പ്രതീക്ഷിത വരവു ചെലവുകളും യഥാർത്ഥ വരവു ചെലവുകളും തമ്മിൽ വലിയ അന്തരം

2013-14, 2014-15 വർഷങ്ങളിലെ ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് ചെലവുകളും യഥാർത്ഥ വരവ് ചെലവുകളും തമ്മിൽ സാരമായ അന്തരം കാണുന്നു. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

വരവിനങ്ങൾ

2013-14			
ക്രമ നം.	ഇനം	ബജറ്റിൽ വകയിരുത്തിയ തുക	വാർഷിക കണക്ക് പ്രകാരമുള്ള വരവ്
1	അഫിലിയേഷൻ ഫീസ്	5,80,00,000	8,31,22,200
2	ആനുവൽ അഡ്മിനിസ്ട്രേഷൻ ഫീസ്	6,50,00,000	15,98,89,450
3	റീഫണ്ടബിൾ ഡെപ്പോസിറ്റ്	1,50,00,000	2,23,15,000
4	നിക്ഷേപത്തിൻമേലുള്ള പലിശ	3,50,00,000	5,02,29,827
5	പരീക്ഷാ ഫീസ്	7,51,70,000	8,30,62,436
2014-15			
1	അഫിലിയേഷൻ ഫീസ്	10,20,00,000	4,94,66,350
2	ആനുവൽ അഡ്മിനിസ്ട്രേഷൻ ഫീസ്	10,12,00,000	14,12,15,451
3	റീഫണ്ടബിൾ ഡെപ്പോസിറ്റ്	1,80,00,000	8,97,15,000
4	നിക്ഷേപത്തിൻമേലുള്ള പലിശ	6,45,00,000	7,67,40,067
5	പരീക്ഷാ ഫീസ്	11,08,00,000	15,40,01,002

ചെലവിനങ്ങൾ

2013-14			
ക്രമ നം.	ഇനം	ബജറ്റിൽ വകയിരുത്തിയ തുക	വാർഷിക കണക്ക് പ്രകാരമുള്ള ചെലവ്
1	പരീക്ഷാ ചെലവ്	8,20,50,000	7,89,42,601
2	എസ്റ്റാബ്ലിഷ്മെന്റ് ചെലവ്	3,64,00,000	3,97,51,234
3	പൊതുഭരണ ചെലവ്	1,66,00,000	1,83,16,482
2014-15			
1	പരീക്ഷാ ചെലവ്	11,47,00,000	12,57,70,531
2	എസ്റ്റാബ്ലിഷ്മെന്റ് ചെലവ്	6,80,00,000	4,59,08,855
3	പൊതുഭരണ ചെലവ്	8,41,00,000	2,23,76,449

ഒരു സാമ്പത്തിക വർഷത്തെ സാമ്പത്തിക ആസൂത്രണത്തിന് വേണ്ടിയുള്ള ബഡ്ജറ്റ് യാഥാർത്ഥ്യബോധത്തോടെയല്ല തയ്യാറാക്കപ്പെടുന്നതെന്ന് മേൽ വസ്തുതകളിൽ നിന്നും വ്യക്തമാണ്. ബജറ്റിന്റെ രൂപീകരണ ലക്ഷ്യം മുൻനിർത്തിയല്ല, വാർഷിക വരവ്-ചെലവുകൾ നടത്തിവരുന്നത്. യഥാർഥ വരവ് ചെലവുകളും പ്രതീക്ഷിത വരവ് ചെലവുകളും കണക്കിലെടുത്ത് ബജറ്റ് തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1.2) വാർഷിക കണക്കുകൾ

1.2.1) നിയമാനുസൃതമായ സമയ പരിധിക്കുള്ളിൽ വാർഷിക കണക്കുകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം, വകുപ്പ് 9(1) പ്രകാരം ഒരു സാമ്പത്തിക വർഷം അവസാനിച്ച് നാല് മാസത്തിനുള്ളിൽ (ജൂലായ് 31 നകം) വാർഷിക കണക്കുകൾ തയ്യാറാക്കി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്. എന്നാൽ 2013-14 വർഷത്തെ വരവ് ചെലവ് കണക്കുകൾ 11.05.2015 നും (നിയമപ്രകാരം 31.07.2014 നകം ഹാജരാക്കേണ്ടതാണ്) 2014-15 വർഷത്തെ വരവ് ചെലവ് കണക്കുകൾ 16.02.2016 നും (നിയമപ്രകാരം 31.07.2015 നകം ഹാജരാക്കേണ്ടതാണ്) ആണ് ഓഡിറ്റിന് ഹാജരാക്കിയിട്ടുള്ളത്.

1.2.2) സ്പെഷ്യൽ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ട് വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല

പ്രൊവിഡണ്ട് ഫണ്ടിനായി സൂക്ഷിച്ചിട്ടുള്ള സ്പെഷ്യൽ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ട് (ടി.എസ്.ബി.അക്കൗണ്ട് നം.14/1) വാർഷിക കണക്കിൽ ഉൾപ്പെടുത്തി കാണുന്നില്ല. 31.03.2015 ന് ഈ അക്കൗണ്ടിൽ 1,22,853/-രൂപ നീക്കിയിരുപ്പുണ്ട്.

1.2.3) കയ്യിരിപ്പ് പണമായി വാർഷിക കണക്കിൽ കാണിച്ചിരിക്കുന്ന തുകയിൽ നീക്കിയിരുപ്പും മുന്നിരിപ്പും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

2012-13 ലെ വാർഷിക കണക്കിൽ 31.03.2013 ലെ കയ്യിരിപ്പ് പണമായി കാണിച്ചിരിക്കുന്നത് 3601/-രൂപയാണ്. എന്നാൽ 2013-14 ലെ വാർഷിക കണക്കിൽ 01.04.2013 ലെ കയ്യിരിപ്പ് പണമായി കാണിച്ചിരിക്കുന്നത് 3919/-രൂപയാണ്. അതേ സമയം മാന്വൽ കാഷ് ബുക്കിൽ 01.04.2013 ലെ കയ്യിരിപ്പ് പണത്തിന്റെ മുന്നിരിപ്പ് കാണിച്ചിട്ടുമില്ല.

1.2.4) എല്ലാ അക്കൗണ്ടുകളും വാർഷിക കണക്കിൽ ഉൾപ്പെടുത്താഞ്ഞതിനാൽ 2012-13 വർഷത്തെ നീക്കിയിരുപ്പും 2013-14 വർഷത്തെ മുന്നിരുപ്പും തമ്മിൽ വ്യത്യാസം.

താഴെ പറയുന്ന അക്കൗണ്ടുകൾ 2012-13 സാമ്പത്തിക വർഷം വാർഷിക കണക്കിലെ നീക്കിയിരുപ്പിൽ ഉൾപ്പെടുത്തിയിരുന്നില്ല. എന്നാൽ 2013-14 വർഷത്തെ കണക്കുകളിൽ മുന്നിരിപ്പായി ഉൾപ്പെടുത്തിയിട്ടുമുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ക്രമ നം	അക്കൗണ്ട് നം.	01.04.2013 ലെ മുന്നിരുപ്പ് (₹)
1	32267343775	33,69,592
2	31845195431	6,81,134

1.3) സർക്കാരിൽ നിന്നുള്ള ഗ്രാന്റുകൾ

2013-14 സാമ്പത്തിക വർഷത്തിൽ സർക്കാരിൽ നിന്നും പ്ലാൻ ഇനത്തിൽ 14,00,00,000/- രൂപയും നോൺ പ്ലാൻ ഇനത്തിൽ 4,14,00,000/-രൂപയും കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാലയ്ക്ക് ലഭ്യമായിട്ടുണ്ട്. 2014-15 വർഷത്തിൽ പ്ലാൻ ഇനത്തിൽ 5,00,00,000/- രൂപയും നോൺ പ്ലാൻ ഇനത്തിൽ 3,03,50,000/-രൂപയും ലഭിച്ചിട്ടുണ്ട്. ആയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1.3.1)പ്ലാൻ (2013-14)

ക്രമ നം.	ഉത്തരവ് നമ്പറും തീയതിയും	ലഭിച്ച തുക	ഉദ്ദേശ്യം	തുക അക്കൗണ്ടിൽ വരവ് വെച്ച തീയതി
1	സ.ഉ.(സാധാ.)നം. 575/2014/ ആ.കു.ക്ഷേ.വ./ തീയതി 20.02.2014	14,00,00,000	വികസനാവശ്യത്തിന്	15.03.2014

1.3.2)നോൺ പ്ലാൻ (2013-14)

ക്രമ നം.	ഉത്തരവ് നമ്പറും തീയതിയും	ലഭിച്ച തുക	ഉദ്ദേശ്യം	തുക അക്കൗണ്ടിൽ വരവ് വെച്ച തീയതി
1	സ.ഉ.(സാധാ.)നം. 3190/2013/ ആ.ക.ക്ഷേ.വ./ തീയതി :11.09.2013	1,36,00,000	ശമ്പളം, മറ്റാനുകൂല്യങ്ങൾ നൽകുന്നതിന്	30.10.2013
2	സ.ഉ.(സാധാ.)നം. 1017/2014/ ആ.ക.ക്ഷേ.വ./ തീയതി :25.03.2014	2,78,00,000	ശമ്പളം, മറ്റാനുകൂല്യങ്ങൾ നൽകുന്നതിന്	29.03.2014

1.3.3) പ്ലാൻ (2014-15)

ക്രമ നം.	ഉത്തരവ് നമ്പറും തീയതിയും	ലഭിച്ച തുക	ഉദ്ദേശ്യം	തുക അക്കൗണ്ടിൽ വരവ് വെച്ച തീയതി
1	സ.ഉ.(സാധാ.)നം. 692/2015/ ആ.ക.ക്ഷേ.വ./ തീയതി 24.02.2015 & സ.ഉ.(സാധാ.)നം. 960/2015/ ആ.ക.ക്ഷേ.വ./ തീയതി 23.03.2015	5,00,00,000	വികസനാവശ്യത്തിന്	31.03.2015

1.3.4)നോൺ പ്ലാൻ (2014-15)

ക്രമ നം.	ഉത്തരവ് നമ്പറും തീയതിയും	ലഭിച്ച തുക	ഉദ്ദേശ്യം	തുക അക്കൗണ്ടിൽ വരവ് വെച്ച തീയതി
1.	സ.ഉ.(സാധാ.)നം. 3091/2014/ ആ.ക.ക്ഷേ.വ./ തീയതി 19.09.2014	1,03,50,000	ശമ്പള, ശമ്പളേതര ആവശ്യങ്ങൾക്ക് വേണ്ടി	20.11.2014
2	സ.ഉ.(സാധാ.)നം. 1077/2015/ ആ.ക.ക്ഷേ.വ./ തീയതി 30.03.2015	2,00,00,000	ശമ്പള, ശമ്പളേതര ആവശ്യങ്ങൾക്ക് വേണ്ടി	31.03.2015

മേൽപറയുന്നതു കൂടാതെ സർക്കാർ ഉത്തരവ്(സാധാ.)1190/2014/ത.സ്വ.ഭ.വ./തീയതി 17.05.2014 പ്രകാരം 9,55,000/-രൂപ "planning strategies to address social determinants of health at grass root level " എന്ന പ്രോജക്ട് നടപ്പിലാക്കാനായി 2014-15 വർഷം സർവ്വകലാശാലയ്ക്ക് ലഭിച്ചിട്ടുണ്ട്. ഈ തുക 19.07.2014 ന് ജനറൽ ഫണ്ട് അക്കൗണ്ടിൽ വരവ് വെച്ചിട്ടുണ്ട്. പ്രസ്തുത പ്രോജക്ട് പ്രാരംഭ നടപടികൾക്ക് ശേഷം തുടരുവാൻ സർവ്വകലാശാലയ്ക്ക് കഴിയാത്തതിനാൽ ചെലവഴിച്ചതിൽ ശേഷിക്കുന്ന തുകയായ 7,53,131/-രൂപ ഡിമാന്റ് ഡ്രാഫ്റ്റ് 761086/ തീയതി:15.04.2016 പ്രകാരം പഞ്ചായത്ത് ഡയറക്ടർക്ക് തിരികെ നൽകിയിട്ടുണ്ട്.

1.4) കാഷ് ബുക്ക് നീക്കിയിരുപ്പും, ബാങ്ക് പാസ്സ് ബുക്ക് നീക്കിയിരുപ്പും (ബാങ്ക് പത്രിക) തമ്മിൽ പൊരുത്തപ്പെടുത്തലുകൾ നടത്തുന്നതിലെ അപാകതകൾ

31845195431 നമ്പർ അക്കൗണ്ടിലെ 31.03.2014 ലെ നീക്കിയിരിപ്പ് വാർഷിക കണക്ക് പ്രകാരം 5,55,622/-രൂപയും ബാങ്ക് പാസ്സ് ബുക്ക് പ്രകാരം 1,78,557/- രൂപയുമാണ്. ഓഡിറ്റിന് ലഭ്യമാക്കിയ പൊരുത്തപ്പെടുത്തൽ പത്രികയിൽ (റീക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ്) 31.03.2014 ലെ കാഷ് ബുക്ക് നീക്കിയിരുപ്പ് 1,71,807/-രൂപ എന്ന് കാണിച്ച് പൊരുത്തപ്പെടുത്തലുകൾ നടത്തിയിരിക്കുന്നു. 2011-12 വർഷം നോട്ടപ്പിശക് കാരണം യഥാർത്ഥ നീക്കിയിരിപ്പിനേക്കാൾ അധികമായി 3,83,815/-രൂപയുടെ അധികച്ചെലവ് നടത്തിയതു മൂലമാണ് മേൽ അപാകത സംഭവിച്ചിട്ടുള്ളത്. അപാകത 2014-15 വർഷം പരിഹരിച്ചിട്ടുണ്ട്.

1.5) അക്കൗണ്ടിങ് സമ്പ്രദായത്തിലെ പോരായ്മകൾ

സർവ്വകലാശാല ധനകാര്യ കമ്മിറ്റിയുടെ 23.09.2010 ലെ തീരുമാനപ്രകാരം (അജണ്ട 1.2) സർവ്വകലാശാലയുടെ അക്കൗണ്ടിംഗ് രീതി 'അക്രുവൽ അടിസ്ഥാനത്തിൽ' ആയി സ്വീകരിച്ചിരുന്നു. ഇതേ തുടർന്ന് ഗവേണിംഗ് കൗൺസിലും ആയത് അംഗീകരിച്ചതായി കാണുന്നുണ്ട്. അക്രുവൽ അടിസ്ഥാനത്തിലുള്ള രീതിയിൽ ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റിൽ തൻവർഷത്തേക്കുള്ള വരുമാനം മാത്രമാണ് കാണിക്കേണ്ടത്. വരും വർഷങ്ങളിലേക്ക് സ്വീകരിച്ച തുക റസിപ്റ്റ്സ് & പെയ്മെന്റ് പത്രികയിൽ ഉൾപ്പെടുത്തുകയും ബാലൻസ് ഷീറ്റിൽ 'ബാധ്യതാശീർഷകത്തിൽ (Liability) മുൻകൂർ അയി സ്വീകരിച്ച തുക' എന്ന ഇനത്തിൽ ഉൾപ്പെടുത്തുകയും വേണം. അതുപോലെ തൻവർഷം കിട്ടാനുള്ള തുകകൾ ബാലൻസ് ഷീറ്റിൽ ആസ്തിഭാഗത്ത് ഉൾപ്പെടുത്തുകയും വേണം. സർവ്വകലാശാലയുടെ ബാലൻസ് ഷീറ്റിൽ ഇത്തരം ആസ്തിബാധ്യതാ കണക്കുകൾ ഉൾപ്പെട്ടുകാണുന്നില്ല.

സർവ്വകലാശാലയുടെ പ്രധാന സാമ്പത്തിക സ്രോതസ്സായ എല്ലാ ഫീസിനങ്ങളും 'Cash basis' ആയാണ് അക്കൗണ്ട് ചെയ്യപ്പെടുന്നത്. അതായത് 'accrual based' ആയ അക്കൗണ്ടിംഗ് രീതിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് പറയുകയും വാർഷിക കണക്കുകളിൽ 'Cash basis' ആയ രീതി പിന്തുടരുകയുമാണ് ചെയ്യുന്നത്.

1.6) നിർണ്ണയിച്ച എല്ലാ ഫീസുകളുടെയും DCB പത്രികകളും റികൺസിലിയേഷൻ സ്റ്റേറ്റ്മെന്റുകളും വാർഷിക കണക്കുകളോടൊപ്പം ലഭ്യമാക്കിയില്ല.

പരീക്ഷാ കൺട്രോളർ സ്വീകരിച്ചിട്ടുള്ള ഫീസുകളുടെ DCB പത്രികകൾ, അഫിലിയേറ്റഡ് കോളേജുകളിൽ നിന്നുള്ള സർവ്വകലാശാലായൂണിയൻ ഫീസിന്റെയും സ്പോർട്ട്സ് അഫിലിയേഷൻ ഫീസിന്റെയും കിട്ടാനുള്ള മറ്റു ഫീസുകളുടെയും DCB പത്രികകൾ, പ്രത്യേക ഗ്രാന്റുകൾ ലഭിച്ചതിന്റെ വിവരങ്ങൾ, ഗ്രാന്റുകളുമായി ബന്ധപ്പെട്ട ചെലവുകളുടെ സ്റ്റേറ്റ്മെന്റ് എന്നിവ വാർഷിക കണക്കുകളോടൊപ്പം ലഭ്യമാക്കിയില്ല.

സർവ്വകലാശാല സൂക്ഷിക്കുന്ന **അഫിലിയേഷൻ രജിസ്റ്ററിൽ അഫിലിയേഷൻ ഫീ, ആനവൽ അഡ്മിനിസ്ട്രേഷൻ ഫീസ്, കണ്ടിന്യുവേഷൻ ഓഫ് അഫിലിയേഷൻ ഫീസ്** എന്നീ ഫീസിനങ്ങളിലെ വരവുകൾ മാത്രമാണ് **രേഖപ്പെടുത്തുന്നത്. ചുവടെ ചേർത്ത ഫീസിനങ്ങളുടെ** ഓരോ **കോളേജുകളിൽ നിന്നുള്ള ഡിമാന്റ്, കളക്ഷൻ, ബാലൻസ് സ്റ്റേറ്റ്മെന്റ്** ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

1. **ആപ്ലിക്കേഷൻ, രജിസ്ട്രേഷൻ, ഇൻസ്പെക്ഷൻ ഫീസ്**
2. സീറ്റ് വർദ്ധനക്കുള്ള **ഫീസ്**
3. സ്റ്റുഡൻസ് **രജിസ്ട്രേഷൻ ഫീസ്**
4. സർട്ടിഫിക്കറ്റ് പരിശോധനാ **ഫീസ്**
5. സ്റ്റുഡൻസ് **യൂണിയൻ ഫീസ്**
6. സ്റ്റുഡൻസ് സ്പോർട്ട്സ് **അഫിലിയേഷൻ ഫീസ്**
7. സ്റ്റുഡൻസ് ഐഡന്റിറ്റി കാർഡ് **ഫീസ്**
8. സ്റ്റുഡൻസ് റീ **അഡ്മിഷൻ ഫീസ്**
9. **ഇൻസ്പെക്ഷൻ ഫീസ്**
10. മറ്റ് **ഫീസിനങ്ങൾ**
11. ലേറ്റ് **ഫീ**
12. സ്റ്റുഡൻസ് വെൽഫെയർ **ഫണ്ട്**
13. Ph.D **രജിസ്ട്രേഷൻ ഫീസ്**

1.7) കുടിശിക ഫീസിന്റെ രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കുന്നില്ല

ഓരോ ഫീസിനങ്ങളിലും വർഷാവസാനം ലഭിക്കുവാൻ ബാക്കിയുള്ള തുകകൾ സംബന്ധിച്ച വിവരം കാണിക്കുന്ന ഒരു രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കേണ്ടതും കുടിശിക പിരിവ് ഇതിലൂടെ നിരീക്ഷിക്കേണ്ടതുമാണ്. സർവ്വകലാശാലയിൽ നാളിതുവരെ ഇത്തരമൊരു രജിസ്റ്റർ തയ്യാറാക്കിക്കാണുന്നില്ല. അതുകൊണ്ടുതന്നെ ഓരോ കോളേജിൽ നിന്നും ലഭിക്കാനുള്ള ഫീസിനത്തിലുള്ള കുടിശ്ശിക സംബന്ധിച്ച വിവരം എളുപ്പം ലഭിക്കാതെ വരികയും കുടിശിക ഈടാക്കുന്നതിൽ പിഴവ് സംഭവിക്കുകയും ചെയ്യുന്നു. ആയതിനാൽ കുടിശിക വിവരം കാണിക്കുന്ന ഒരു രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.

ഭാഗം-2

വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

2-1) അശാസ്ത്രീയ ഫീസ് നിർണ്ണയം-സ്വാശ്രയ കോളേജുകളിൽ നിന്നും ലഭിക്കാനുള്ളത് ഭീമമായ കുടിശിക

ഫീസ് നിശ്ചയിക്കുകയും നിർണ്ണയിക്കപ്പെടാവുന്ന രീതിയിൽ അങ്ങനെയുള്ള ഫീസ് ആവശ്യപ്പെടുകയും സമാഹരിക്കുകയും ചെയ്യുക എന്നത് സർവകലാശാലയുടെ അധികാരങ്ങളിലും ചുമതലകളിലും പെടുന്നു [വകുപ്പ് 6 (xxxix)]. സർവ്വകലാശാല നൽകുന്ന വിവിധ സേവനങ്ങൾക്കുള്ള ഫീസുകളും മറ്റു ചാർജ്ജുകളും നിർണ്ണയിക്കുന്നതിൽ ഗവേണിംഗ് കൗൺസിലിന് നിർദ്ദേശം നൽകുക എന്നത് അക്കാദമിക് കൗൺസിലിന്റെ അധികാരവും കർത്തവ്യവുമാണ് [വകുപ്പ് 25(1)(xxii)]. അക്കാദമിക് കൗൺസിലിന്റെ ശുപാർശയനുസരിച്ച് ഫീസ് നിർണ്ണയിക്കുന്നതിനും ഈടാക്കുന്നതിനുമുള്ള നടപടിക്രമങ്ങൾ ഉണ്ടാക്കുക എന്നത് ഗവേണിംഗ് കൗൺസിലിന്റെ അധികാരങ്ങളിൽപ്പെടുന്നു. ഫീസ് നിർണ്ണയം സംബന്ധിച്ചുള്ള സർവകലാശാല നിയമത്തിലെ പരാമർശങ്ങൾ ഇവയൊക്കെയാണ്. എന്നാൽ ഫീസ് നിർണ്ണയത്തിനായി ശാസ്ത്രീയവും കുറ്റമറ്റതുമായ ഒരു സംവിധാനം സർവ്വകലാശാലയിൽ നിലവിലില്ല. നാളിതുവരെ ഫീസ് നിർണ്ണയിച്ചുകൊണ്ട് താഴെ പറയുന്ന നിരവധി ഉത്തരവുകൾ ഇറക്കിയിട്ടുള്ളതായി കാണുന്നു.

1. 11/Academic/KUHAS/2010 Dated 24/03/2010
2. 11/Academic/KUHAS/2010 Dated 13/07/2010
3. 617/A1/1/KUHS/2010 Dated 21/06/2011
4. 617/A1/1/KUHS/2010 Dated 01/07/2011
5. 5285/AC/KUHS/2011 Dated 23/07/2013
6. 5285/AC/KUHS/2011 Dated 07/09/2013
7. 5285/AC/KUHS/2011 Dated 17/12/2013
8. 6296/AC.B/KUHS/2013 Dated 19/01/2015
9. 6296/AC.B/KUHS/2013 Dated 22/09/2016

ഇവ കൂടാതെ പുതിയ കോഴ്സുകൾക്കും കോളേജുകൾക്കും അഫിലിയേഷൻ നൽകുന്നതിനുള്ള അപേക്ഷ ക്ഷണിച്ചുകൊണ്ടുള്ള വിജ്ഞാപനങ്ങളോടൊപ്പവും വ്യത്യസ്തമായ ഫീസ് നിരക്കുകൾ പ്രഖ്യാപിക്കാറുണ്ട്. സർവ്വകലാശാലയുടെ അശാസ്ത്രീയമായ ഫീസ് പരിഷ്കരണം പലപ്പോഴും കോടതി വ്യവഹാരങ്ങൾക്കും കാരണമാകുന്നു. കോടതിയിൽ നിന്നും അനുകൂലമായ സ്റ്റേ ഓർഡറുകൾ കരസ്ഥമാക്കുന്ന സ്വാശ്രയ കോളേജ് മാനേജ്മെന്റുകൾ നിശ്ചയിക്കപ്പെട്ട ഫീസ് അടവാക്കാതെ തന്നെ സർവ്വകലാശാലയിൽ നിന്നും സേവനം നേടിയെടുക്കുന്നു. ഇപ്രകാരം ഭീമമായ ഫീസ് കുടിശിക താഴെപറയും പ്രകാരം സ്വാശ്രയ കോളേജുകൾ വരുത്തിയിട്ടുണ്ട്.

2.1.1 സ്വാശ്രയ ഡെന്റൽ കോളേജുകളിലെ അഫിലിയേഷൻ ഫീസ് കുടിശ്ശിക സംബന്ധിച്ച്

സ്വാശ്രയ ഡെന്റൽ കോളേജുകളിൽ 2013-14 വർഷത്തേക്ക് പുതിയ പി.ജി.കോഴ്സുകൾ തുടങ്ങുന്നതിനുള്ള അപേക്ഷാ വിജ്ഞാപനപ്രകാരം (N0.4(A)/AC.1/2/KUHS/2012 dated 28.03.2012) ഓരോ കോഴ്സിനും അഫിലിയേഷൻ നൽകുന്ന സമയത്ത് താൽക്കാലിക അഫിലിയേഷൻ ഫീസ്, റിഫണ്ടബിൾ ഡെപ്പോസിറ്റ് എന്നീ ഇനങ്ങളിൽ 10,00,000/- രൂപ വീതം അടവാക്കേണ്ടതുണ്ട്. അഫിലിയേഷനും അനുബന്ധ സേവനങ്ങൾക്കും 2013-14, 2014-15 വർഷങ്ങളിൽ ബാധകമായ ഫീസ് നിർണ്ണയിച്ചുകൊണ്ടുള്ള ഉത്തരവിലും (6296/AC.B/KUHS/2013 dated 17/12/2013) ഈ ഇനങ്ങൾക്ക് മേൽപ്രകാരം തന്നെയാണ് ഫീസ് നിശ്ചയിച്ചിട്ടുള്ളത്. എന്നാൽ താഴെ പറയുന്ന കോളേജുകളിൽ നിശ്ചയിക്കപ്പെട്ട ഫീസ് ഈടാക്കാതെയാണ് ഈ വർഷങ്ങളിൽ പുതിയ കോഴ്സുകൾക്ക് താൽക്കാലിക അഫിലിയേഷൻ നൽകിയിട്ടുള്ളത്. ഇത്തരത്തിൽ കുറഞ്ഞ ഫീസ് ഈടാക്കി അഫിലിയേഷൻ നൽകിയതുമൂലം വിവിധ സ്വാശ്രയ ഡെന്റൽ കോളേജുകളിൽ നിന്നായി താഴെ പറയും പ്രകാരം ആകെ **6,04,50,000/-** രൂപ സർവ്വകലാശാലക്ക് ലഭിക്കുവാനുണ്ട്.

1 KMCT Dental College, Mukkam, Kozhikode (MD.011)
2013-14 ൽ അഫിലിയേഷൻ നൽകിയ പി.ജി.കോഴ്സുകൾ
ഉത്തരവ് നം. 2642/AC1/1/KUHS/2013

കോഴ്സിന്റെ പേര്	Fee for Provisional Affiliation			Refundable Deposit		
	ഈടാക്കേണ്ട ഫീസ്	ഈടാക്കിയത്	ബാലൻസ്	ഈടാക്കേണ്ട ഫീസ്	ഈടാക്കിയത്	ബാലൻസ്
MDS Periodontics	10,00,000	50,000	9,50,000	10,00,000	0	10,00,000
MDS Conservative Dentistry	10,00,000	50,000	9,50,000	10,00,000	0	10,00,000
MDS Prosthodontics	10,00,000	50,000	9,50,000	10,00,000	0	10,00,000
MDS Peadodontics	10,00,000	50,000	9,50,000	10,00,000	0	10,00,000
MDS Oral and Maxillo Facial Surgery	10,00,000	50,000	9,50,000	10,00,000	0	10,00,000
MDS Orthodontics	10,00,000	50,000	9,50,000	10,00,000	0	10,00,000
MDS Oral Pathology	10,00,000	50,000	9,50,000	10,00,000	0	10,00,000
MDS Oral medicine and radiology	10,00,000	50,000	9,50,000	10,00,000	0	10,00,000
Total	80,00,000	4,00,000	76,00,000	80,00,000	0	80,00,000

ആകെ ലഭിക്കാനുള്ള തുക = 76,00,000 +80,00,000 = 1,56,00,000/-

2. **Mar Baselios Dental College, Kothamangalam (MD.013)**

അഫിലിയേഷൻ നൽകിയ വർഷം 2014
ഉത്തരവ് നം. 4902/AC.A/KUHS/2014

കോഴ്സിന്റെ പേര്	Fee for Provisional Affiliation			Refundable Deposit		
	ഈടാക്കേണ്ട ഫീസ്	ഈടാക്കിയത്	ബാലൻസ്	ഈടാക്കേണ്ട ഫീസ്	ഈടാക്കിയത്	ബാലൻസ്
MDS Paedodontics	10,00,000	50,000	9,50,000	10,00,000	0	10,00,000

ആകെ ലഭിക്കാനുള്ള തുക = 9,50,000 +10,00,000 = 19,50,000/-

3. **Royal Dental College, Chalissery, Palakkad(MD.020)**

അഫിലിയേഷൻ നൽകിയ വർഷം 2014

ഉത്തരവ് നം. 4059/AC.A/KUHS/2014

കോഴ്സിന്റെ പേര്	Fee for Provisional Affiliation			Refundable Deposit		
	ഈടാക്കേണ്ട ഫീസ്	ഈടാക്കിയത്	ബാലൻസ്	ഈടാക്കേണ്ട ഫീസ്	ഈടാക്കിയത്	ബാലൻസ്
MDS Paedodontics	10,00,000	50,000	9,50,000	10,00,000	0	10,00,000
MDS Oral Pathology	10,00,000	50,000	9,50,000	10,00,000	0	10,00,000
Total	20,00,000	1.00.000	19,00,000	20,00,000	0	20,00,000

ആകെ ലഭിക്കാനുള്ള തുക = 19,00,000 +20,00,000 = 39,00,000/-

4. Sree Sankara Dental Colelge, Varkala (MD.021)

അഫിലിയേഷൻ നൽകിയ വർഷം 2013-14
ഉത്തരവ് നം. 2642/AC.1/1/KUHS/2013

കോഴ്സിന്റെ പേര്	Fee for Provisional Affiliation			Refundable Deposit		
	ഈടാക്കേണ്ട ഫീസ്	ഈടാക്കിയത്	ബാലൻസ്	ഈടാക്കേണ്ട ഫീസ്	ഈടാക്കിയത്	ബാലൻസ്
MDS Paedodontics	10,00,000	50,000	9,50,000	10,00,000	0	10,00,000
MDS Prosthodontics	10,00,000	50,000	9,50,000	10,00,000	0	10,00,000
MDS Orthodontics	10,00,000	50,000	9,50,000	10,00,000	0	10,00,000
MDS Periodontics	10,00,000	50,000	9,50,000	10,00,000	0	10,00,000
MDS Conservative Dentistry	10,00,000	50,000	9,50,000	10,00,000	0	10,00,000
Total	50,00,000	2,50,000	47,50,000	50,00,000	0	50,00,000

ആകെ ലഭിക്കാനുള്ള തുക = 47,50,000 +50,00,000 = 97,50,000/-

5. Kannur Dental College, Ancharakandy (MD.010)

2013-14 ൽ അഫിലിയേഷൻ നൽകിയ പി.ജി.കോഴ്സുകൾ
ഉത്തരവ് നം. 2642/AC1/1/KUHS/2013(2) തീയതി:- 23.05.2013

കോഴ്സിന്റെ പേര്	Fee for Provisional Affiliation			Refundable Deposit		
	ഈടാക്കേണ്ട ഫീസ്	ഈടാക്കിയത്	ബാലൻസ്	ഈടാക്കേണ്ട ഫീസ്	ഈടാക്കിയത്	ബാലൻസ്
MDS Periodontics	10,00,000	50,000	9,50,000	10,00,000	0	10,00,000
MDS Conservative Dentistry	10,00,000	50,000	9,50,000	10,00,000	0	10,00,000

MDS Prosthodontics	10,00,000	50,000	9,50,000	10,00,000	0	10,00,000
MDS Peadodontics	10,00,000	50,000	9,50,000	10,00,000	0	10,00,000
MDS Oral and Maxillo Facial Surgery	10,00,000	50,000	9,50,000	10,00,000	0	10,00,000
MDS Orthodontics	10,00,000	50,000	9,50,000	10,00,000	0	10,00,000
MDS Oral Pathology	10,00,000	50,000	9,50,000	10,00,000	0	10,00,000
Total	70,00,000	3,50,000	66,50,000	70,00,000	0	70,00,000

ആകെ ലഭിക്കാനുള്ള തുക = 66,50,000 +70,00,000 = 1,36,50,000/-

6. Pushpagiri Dental College, Thiruvalla (MD.019)

2013-14 ൽ അഫിലിയേഷൻ നൽകിയ പി.ജി.കോഴ്സുകൾ
ഉത്തരവ് നം. 2642/AC1/1/KUHS/2013(2) തീയതി:- 27.05.2013

കോഴ്സിന്റെ പേര്	Fee for Provisional Affiliation			Refundable Deposit		
	ഈടാക്കേണ്ട ഫീസ്	ഈടാക്കിയത്	ബാലൻസ്	ഈടാക്കേണ്ട ഫീസ്	ഈടാക്കിയത്	ബാലൻസ്
MDS Periodontics	10,00,000	50,000	9,50,000	10,00,000	0	10,00,000
MDS Conservative Dentistry	10,00,000	50,000	9,50,000	10,00,000	0	10,00,000
MDS Prosthodontics	10,00,000	50,000	9,50,000	10,00,000	0	10,00,000
MDS Oral and Maxillo Facial Surgery	10,00,000	50,000	9,50,000	10,00,000	0	10,00,000
MDS Orthodontics	10,00,000	50,000	9,50,000	10,00,000	0	10,00,000
Total	50,00,000	2,50,000	47,50,000	50,00,000	0	50,00,000

ആകെ ലഭിക്കാനുള്ള തുക = 47,50,000 + 50,00,000 = 97,50,000/-

7. **Annoor Dental College, Muvattupuzha (MD.002)**

അഫിലിയേഷൻ നൽകിയ വർഷം 2013-14,2014-15
ഉത്തരവ് നം. 2642/AC.1/1/KUHS/2013

കോഴ്സിന്റെ പേര്	Fee for Provisional Affiliation			Refundable Deposit		
	ഈടാക്കേണ്ട ഫീസ്	ഈടാക്കിയത്	ബാലൻസ്	ഈടാക്കേണ്ട ഫീസ്	ഈടാക്കിയത്	ബാലൻസ്
MDS Periodontology	10,00,000	50,000	9,50,000	10,00,000	0	10,00,000
MDS Orthodontics	10,00,000	50,000	9,50,000	10,00,000	0	10,00,000
MDS Conservative Dentistry	10,00,000	50,000	9,50,000	10,00,000	0	10,00,000
Total	30,00,000	1.50.000	28,50,000	30,00,000	0	30,00,000

ആകെ ലഭിക്കാനുള്ള തുക = 28,50,000 +30,00,000 = 58,50,000/-

കുടിശികയുടെ സംക്ഷിപ്തം താഴെ ചേർക്കുന്നു

Sl No	Name of College	Amount
1	KMCT Dental College Kozhikkode	1,56,00,000
2	Mar Baseliose Dental College ,Kothamangalam	19,50,000
3	Royal Dental College ,Chalissery, palakkad	39,00,000
4	Sree Sankara Dental college Varkala	97,50,000
5	Kannur Dental College, Kannur	1,36,50,000
6	Pushpagiri Dental College, Thiruvalla	97,50,000
7	Annoor Dental college, Muvattupuzha	58,50,000
	Total	6,04,50,000

2.1.2 **സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ അഫിലിയേഷൻ ഫീസ് കുടിശ്ശിക സംബന്ധിച്ച്**

സ്വാശ്രയ മെഡിക്കൽ കോളേജുകളിൽ 2013-14 വർഷത്തേക്ക് പുതിയ പി.ജി.കോഴ്സുകൾ തുടങ്ങുന്നതിനുള്ള അപേക്ഷാ വിജ്ഞാപനപ്രകാരം (N0.4(A)/AC.1/2/KUHS/2012 dated 28.03.2012) ഓരോ കോഴ്സിനും അഫിലിയേഷൻ നൽകുന്ന സമയത്ത് താൽക്കാലിക അഫിലിയേഷൻ ഫീസ്, റിഫണ്ടബിൾ ഡെപ്പോസിറ്റ് എന്നീ ഇനങ്ങളിൽ 10,00,000/- രൂപ വീതം അടവാക്കേണ്ടതുണ്ട്. നിലവിലുള്ള കോഴ്സുകൾക്ക് സീറ്റുവർദ്ധനവിനുള്ള താൽക്കാലിക അഫിലിയേഷൻ ഫീസ്, റിഫണ്ടബിൾ ഡെപ്പോസിറ്റ് എന്നീ ഇനങ്ങളിൽ യഥാക്രമം 6,00,000/- രൂപ, 8,00,000/-രൂപയും ഈടാക്കേണ്ടതുണ്ട്. അഫിലിയേഷനും അനുബന്ധ സേവനങ്ങൾക്കും 2013-14, 2014-15 വർഷങ്ങളിൽ ബാധകമായ ഫീസ് നിർണ്ണയിച്ചുകൊണ്ടുള്ള ഉത്തരവിലും (6296/AC.B/KUHS/2013 dated 17/12/2013) ഈ ഇനങ്ങൾക്ക് മേൽപ്രകാരം തന്നെയാണ് ഫീസ് നിശ്ചയിച്ചിട്ടുള്ളത്. താഴെ പറയുന്ന മെഡിക്കൽ കോളേജുകളിൽ പുതിയ പി.ജി.കോഴ്സുകൾ തുടങ്ങുന്നതിനും സീറ്റുവർദ്ധനക്കുമുള്ള അഫിലിയേഷൻ നൽകിയത് നിശ്ചയിക്കപ്പെട്ട ഫീസ് ഈടാക്കാതെയാണ്. ഇത്തരത്തിൽ കുറഞ്ഞ ഫീസ് ഈടാക്കി അഫിലിയേഷൻ നൽകിയതുമൂലം വിവിധ സ്വാശ്രയ മെഡിക്കൽ കോളേജുകളിൽ നിന്നായി താഴെ പറയും പ്രകാരം ആകെ **2,25,50,000/-** രൂപ സർവ്വകലാശാലക്ക് ലഭിക്കുവാനുണ്ട്.

1. Jubilee Mission Medical College,Thrissur (MM 011)

ഉത്തരവ് നം. 2233/AC1/1/KUHS/2012 Dated 29.06.2013

കോഴ്സിന്റെ പേര്	Fee for Provisional Affiliation			Refundable Deposit		
	ഈടാക്കേണ്ട ഫീസ്	ഈടാക്കിയത്	ബാലൻസ്	ഈടാക്കേണ്ട ഫീസ്	ഈടാക്കിയത്	ബാലൻസ്
MS General Surgery	10,00,000	50,000	9,50,000	10,00,000	0	10,00,000
MD Psychology	10,00,000	50,000	9,50,000	10,00,000	0	10,00,000
MD Physiology	10,00,000	50,000	9,50,000	10,00,000	0	10,00,000
D M cardiology	10,00,000	10,00,000	-	10,00,000	0	10,00,000
D M Nurology	10,00,000	10,00,000	-	10,00,000	0	10,00,000
Total	50,00,000	21,50,000	28,50,000	50,00,000	0	50,00,000

ആകെ ലഭിക്കാനുള്ള തുക = 28,50,000 +50,00,000 = 78,50,000/-

2. Amala Medical College, Thrissur (MM.002)

കോളേജിന്റെ പേര്	Fee for Provisional Affiliation			Refundable Deposit		
	ഈടാക്കേണ്ട ഫീസ്	ഈടാക്കിയത്	ബാലൻസ്	ഈടാക്കേണ്ട ഫീസ്	ഈടാക്കിയത്	ബാലൻസ്
1. MS ENT	10,00,000	50,000	9,50,000	10,00,000	0	10,00,000
2. MS Orthopedics	10,00,000	50,000	9,50,000	10,00,000	0	10,00,000
3. MD Radio Diagnosis I(Seat Enhancement)	6,00,000	50,000	5,50,000	8,00,000	0	8,00,000
4. MD Dermatology (Seat Enhancement)	6,00,000	50,000	5,50,000	8,00,000	0	8,00,000
Total	32,00,000	2,00,000	30,00,000	36,00,000	0	36,00,000

ആകെ ലഭിക്കാനുള്ള തുക = 30,00,000 +36,00,000 = 66,00,000/-

3. Dr.Somerwell Memorial CSI Medical College, Karakonam(MM 005)

കോളേജിന്റെ പേര്	Fee for Provisional Affiliation			Refundable Deposit		
	ഈടാക്കേണ്ട ഫീസ്	ഈടാക്കിയത്	ബാലൻസ്	ഈടാക്കേണ്ട ഫീസ്	ഈടാക്കിയത്	ബാലൻസ്
MS OBG	10,00,000	0	10,00,000	10,00,000	0	10,00,000
MS Orthopedics	10,00,000	0	10,00,000	10,00,000	0	10,00,000
MS Ophthalmology (Seat Enchancement)	6,00,000	0	6,00,000	8,00,000	0	8,00,000
MD Radio Diagnosis (Seat Enchancement)	6,00,000	0	6,00,000	8,00,000	0	8,00,000
Total	32,00,000	0	32,00,000	36,00,000	0	36,00,000

ആകെ ലഭിക്കാനുള്ള തുക = 32,00,000 +36,00,000 = 68,00,000/

4. MES Medical College, Perinthalmanna (MM.017)

ഉത്തരവ് നം. 2058/AC.1/1/KUHS/2012 Dated 31.07.2013

കോളേജിന്റെ പേര്	Fee for Provisional Affiliation			Refundable Deposit		
	ഈടാക്കേണ്ട ഫീസ്	ഈടാക്കിയത്	ബാലൻസ്	ഈടാക്കേണ്ട ഫീസ്	ഈടാക്കിയത്	ബാലൻസ്
MS OBG (Seat Enhancement)	6,00,000	1,00,000	5,00,000	8,00,000	0	8,00,000

ആകെ ലഭിക്കാനുള്ള തുക= 5,00,000 + 8,00,000= 13,00,000

കുടിശികയുടെ സംക്ഷിപ്തം താഴെ ചേർക്കുന്നു

Sl No	Name of College	Amount
1	Jubilee Mission Medical college,Thrissur	78,50,000
2	Amala Medical college, Thrissur	66,00,000
3	Dr.Somerwell CSI Medical college, Thiruvananthapuram	68,00,000
4	M E S Medical college, Perinthalmanna	13,00,000
	Total	2,25,50,000

നിശ്ചയിക്കപ്പെട്ട ഫീസ് ഈടാക്കാതെ അഫിലിയേഷൻ നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറികൾ നൽകിയിരുന്നു(നം 17/13-14 dated 04.04.2017 & 13/13-14 dated 23.03.17). സർവ്വകലാശാലയുടെ ഫീസ് നിശ്ചയിച്ച ഉത്തരവിനെതിരെ കോളേജുകൾ ഫയൽ ചെയ്ത റിട്ട് ഹർജികൾ തീർപ്പാക്കിയിട്ടില്ലെന്നും ബാലൻസ് തുക അന്തിമ കോടതിവിധിയനുസരിച്ച് ഈടാക്കുന്നതാണെന്നും ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ പറയുന്നു. 2013-14 വർഷത്തേക്ക് ബാധകമായ 23.07.2013 ലെ ഉത്തരവ് ഭേദഗതി ചെയ്തുകൊണ്ട് 07.09.2013 ൽ ഒരു ഉത്തരവ് ഇറക്കിയിട്ടുണ്ട്(No..5285/AC/KUHS/2011Dated 07.09.2013) 07.09.2013 ലെ ഉത്തരവിൽ താഴെപറയും പ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു.

" The Medical College management association has filed a case in the Hon'ble High Court of Kerala. A meeting was held with Pro Vice Chancellor regarding this matter and the Medical College management association has decided to withdraw the petition filed by them in this matter. Accordingly University has decided to revise the fees for medical super speciality courses"

23.07.2013 ലെ ഉത്തരവ് ഭേദഗതി ചെയ്ത് ഫീസ് കുറച്ചുകൊണ്ട് ഉത്തരവിറക്കിയെങ്കിലും മേൽ വ്യവസ്ഥ പ്രകാരം മാനേജ്മെന്റുകൾ കേസുകൾ പിൻവലിച്ചതായി കാണുന്നില്ല. ഫീസ് നിർണ്ണയിച്ചുകൊണ്ടുള്ള ഉത്തരവിനെതിരെ നൽകിയ ഹർജികളിൽ അന്തിമവിധി വരാനിരിക്കെ, അഫിലിയേഷനും അനുബന്ധ സേവനങ്ങൾക്കും 2015-16 വർഷത്തേക്ക് ബാധകമായ ഫീസ് നിർണ്ണയിച്ചുകൊണ്ട് സർവ്വകലാശാല ഉത്തരവിറക്കുകയുണ്ടായി (U O No 6296/ACB/KUHS/2013 dated 19.01.2015). ഈ ഉത്തരവ് പ്രകാരം പുതിയ ഡെന്റൽ പി.ജി.കോഴ്സുകൾക്കുള്ള താൽക്കാലിക അഫിലിയേഷൻ ഫീസ്. റിഫണ്ടബിൾ ഡെപ്പോസിറ്റ് എന്നീ ഇനങ്ങളിൽ നേരത്തേ പ്രാബല്യത്തിലുണ്ടായിരുന്ന 10,00,000/- രൂപ എന്നത് 5,00,000/- രൂപയായും പുതിയ മെഡിക്കൽ പി.ജി.കോഴ്സുകൾക്കുള്ള താൽക്കാലിക അഫിലിയേഷൻ ഫീസ്. റിഫണ്ടബിൾ ഡെപ്പോസിറ്റ് എന്നീ ഇനങ്ങളിൽ നേരത്തേ പ്രാബല്യത്തിലുണ്ടായിരുന്ന 10,00,000/- രൂപ എന്നത് 7.,50,000/- രൂപയായും നിലവിലുള്ള കോഴ്സുകൾക്ക് സീറ്റുവർദ്ധനവിനുള്ള താൽക്കാലിക അഫിലിയേഷൻ ഫീസ്. റിഫണ്ടബിൾ ഡെപ്പോസിറ്റ് എന്നീ ഇനങ്ങളിൽ നേരത്തേ പ്രാബല്യത്തിലുണ്ടായിരുന്ന യഥാക്രമം 6,00,000/- രൂപ, 8,00,000/-രൂപ എന്നത് ഒഴിവാക്കിയും പുതുക്കി നിശ്ചയിച്ചിരിക്കുന്നു. കോടതിയുടെ പരിഗണനയിലിരിക്കുന്ന വിഷയത്തിൽ ഇപ്രകാരം സ്വാശ്രയ മാനേജ്മെന്റുകൾക്കനുകൂലമായി ഫീസ് കുറച്ചുകൊണ്ടുള്ള ഉത്തരവിറക്കിറക്കിയതിലൂടെ നേരത്തേയുള്ള കേസുകളിൽ സർവ്വകലാശാലയുടെ ഉത്തമതാൽപര്യം സംരക്ഷിക്കപ്പെടാത്ത സാഹചര്യമുണ്ടായിരിക്കുകയാണ്.

2.2) വിജ്ഞാപനപ്രകാരമുള്ള ഫീസ് ഈടാക്കുന്നില്ല

അസ്സീസ്സിയ മെഡിക്കൽ കോളേജ്, കൊല്ലം(MM 003), 2013-14 ൽ താഴെ പറയുന്ന 13 പുതിയ മെഡിക്കൽ പി.ജി.കോഴ്സുകൾ തുടങ്ങുന്നതിന് അപേക്ഷ സമർപ്പിക്കുകയും അപേക്ഷ ഫീസായി 2,00,000/-രൂപാ വീതം ആകെ 26 ലക്ഷം രൂപ ഡി.ഡി.നം.009929 തീയതി 06.05.2013 പ്രകാരം അടവാക്കിയിട്ടുണ്ട്.

(1) MD General Medicine (2) MS General Surgery (3) MS OBG (4) MS Paediatrics (5) MS Orthopedics (6) MD Anesthesiology (7) MD Radio Diagnosis (8) MS ENT (9) MS Ophthalmology (10) MD Dermatology (11) MD Pulmonary Medicine (12) MD Psychiatry (13) MD Community Medicine

കൂടാതെ MD Pharmacology കോഴ്സ് തുടങ്ങുന്നതിന് ഡി.ഡി.നം.869307/25.4.12 പ്രകാരം 2,00,000/-രൂപ ഫീസ ഒടുക്കി നേരത്തെ അപേക്ഷ സമർപ്പിച്ചിട്ടുള്ളതായും കാണുന്നു.

തുടർന്ന് 6265/AC-A/KUHS/2014 തീയതി 10.07.2014 ഉത്തരവ് പ്രകാരം MS Orthopedics കോഴ്സിന് അഫിലിയേഷൻ അനുമതി നൽകുകയും താൽക്കാലിക അഫിലിയേഷൻ ഫീസ്, റിഫണ്ടബിൾ ഡെപ്പോസിറ്റ് എന്നീ ഇനങ്ങളിൽ 10 ലക്ഷം രൂപ വീതം ഫീസ് ഈടാക്കിയിട്ടുമുണ്ട് (AC.1/I/Notif.2014-15 Dated 06.03.2013 നമ്പർ അപേക്ഷ ക്ഷണിച്ചുകൊണ്ടുള്ള വിജ്ഞാപന പ്രകാരം നിശ്ചയിച്ച ഫീസ്).

എന്നാൽ 29.11.2015 ലെ 2921/AC-A/ KUHS/15 നമ്പർ ഉത്തരവ് പ്രകാരം MD Anesthesiology, MD Dermetology, MD General Medicine, MD Pharmacology എന്നീ 4 കോഴ്സുകൾക്ക് അഫിലിയേഷൻ നൽകിയത് താൽക്കാലിക അഫിലിയേഷൻ ഫീസ്, റീഫണ്ടബിൾ ഡെപ്പോസിറ്റ് എന്നീ ഇനങ്ങളിൽ 7.5 ലക്ഷം രൂപ വീതം ഈടാക്കിയാണ്. പിന്നീട് 26.02.2016 ലെ 2679/AC-A/KUHS/13 ഉത്തരവ് പ്രകാരം MD Radio Diagnosis, MS General Surgery, MS Ophthalmology എന്നീ കോഴ്സുകൾക്ക് അഫിലിയേഷൻ അനുമതി നൽകിയതും മേൽപ്രകാരം കുറഞ്ഞ ഫീസ് ഈടാക്കിയാണ്.

ഒരേ വിജ്ഞാപനപ്രകാരം അഫിലിയേഷന് അപേക്ഷിച്ച കോഴ്സുകൾക്ക് വ്യത്യസ്ത ഫീസ് ഈടാക്കി അഫിലിയേഷൻ നൽകിയതിന് വിശദീകരണം ചോദിച്ചുകൊണ്ട് ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു(17/13/14 dated 04.04.2017). ഇതിന് താഴെപറയും പ്രകാരമാണ് മറുപടി ലഭ്യമാക്കിയത്.

" അസീസിയ മെഡിക്കൽ കോളേജിന് MS Orthopaedics കോഴ്സിന് 2014 ലാണ് മെഡിക്കൽ കൗൺസിൽ ഓഫ് ഇൻഡ്യ അനുമതി നൽകിയത്. അതിനെ തുടർന്ന് അഫിലിയേഷൻ കൊടുത്തപ്പോൾ അന്ന് നിലവിലുണ്ടായിരുന്ന ഫീസ് (U.O. No 6296/AC.B/KUHS/2013 dated 17/12/2013) 10 ലക്ഷം രൂപ വീതം താൽക്കാലിക അഫിലിയേഷൻ ഫീസും, റീഫണ്ടബിൾ ഡെപ്പോസിറ്റുമായിരുന്നു. MD Anasthesiology,MD Dermatology, MD General Medicine, MD Pharmacology എന്നീ കോഴ്സുകൾക്ക് മെഡിക്കൽ കൗൺസിൽ ഓഫ് ഇൻഡ്യ 2015 ലും MD Radiodiagnosis, MS General surgery, MS Ophthalmology എന്നീ കോഴ്സുകൾക്ക് മെഡിക്കൽ കൗൺസിൽ ഓഫ് ഇൻഡ്യ 2016 ലും ആണ് അനുമതി നൽകിയത്. U.O. No 6296/AC.B/KUHS/2013 dated 19.01.2015 പ്രകാരം മേൽ പറഞ്ഞ കോഴ്സുകൾക്ക് 7,50,000 രൂപ വീതമാണ് താൽക്കാലിക അഫിലിയേഷൻ ഫീസും, റീഫണ്ടബിൾ ഡെപ്പോസിറ്റും."

ഈ മറുപടി അംഗീകരിക്കാവുന്നതല്ല. കാരണം അഫിലിയേഷൻ നൽകുന്ന സമയത്ത് അടവാക്കേണ്ട ഫീസ് (payable at the time of affiliation) സംബന്ധിച്ച് അപേക്ഷാ വിജ്ഞാപനത്തിൽ വ്യക്തമായി പറയുന്നുണ്ട്. ഏതു വിജ്ഞാപന പ്രകാരമാണോ അപേക്ഷ സമർപ്പിച്ചിട്ടുള്ളത് അതനുസരിച്ചുള്ള ഫീസാവണം തുടർനടപടികൾക്കും ഈടാക്കേണ്ടത്. അങ്ങനെയാണെങ്കിൽ ഒരേ സേവനത്തിനുതന്നേ മേൽപ്രകാരം വ്യത്യസ്ത ഫീസ് ഈടാക്കേണ്ടിവരുന്ന സാഹചര്യം ഉണ്ടാകുമായിരുന്നില്ല.

ഭാഗം-3

ചെലവുകണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

3.1) സ്മാർട്ട് ഐ.ഡി കാർഡ് - ഡാറ്റ എൻട്രി നടത്താതെ വിതരണം ചെയ്യുക വഴി ലക്ഷ്യം പൂർത്തീകരിച്ചില്ല.

20.9.2013 ലെ 2014/Admn&Gen/KUHS ഉത്തരവ് പ്രകാരം 2013-14 അധ്യയന വർഷത്തിൽ വിദ്യാർത്ഥികൾക്ക് NIC സ്പെസിഫിക്കേഷൻ അനുസരിച്ചുള്ള സ്മാർട്ട് ഐ.ഡി കാർഡ് പ്രിന്റ് ചെയ്യാൻ തീരുമാനിച്ചു . ഇതനുസരിച്ച് 20.9.2013 ന് ടെണ്ടർ പരസ്യം നൽകി ലഭിച്ച 3 ടെണ്ടറുകൾ അപൂർണ്ണമായതിനെ തുടർന്ന് 4.12.2013 ന് റീ ടെണ്ടർ പരസ്യം നൽകി. ലഭിച്ച ടെണ്ടറുകളിൽ ഏറ്റവും കുറവ് തുക രേഖപ്പെടുത്തിയ തൃശ്ശൂരിലെ M/S Mewtech Solutions Pvt.Ltd എന്ന സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിക്കുകയും 20.5.2014 ന് സ്ഥാപനവുമായി കരാറിൽ ഏർപ്പെടുകയും ചെയ്തിട്ടുണ്ട്. 16837 സ്മാർട്ട് ഐ.ഡി കാർഡുകൾ പ്രിന്റ് ചെയ്ത് ലഭ്യമാക്കിയതിന് സ്ഥാപനം നല്കിയ ഇൻവോയ്സുകളുടേയും സർവ്വകലാശാല അനുവദിച്ച 9,76,546/-രൂപയുടെയും വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

പട്ടിക 1

ക്രമ നം	ഇൻവോയ്സ് നം. തിയതി	ബിൽ തുക	അനുവദിച്ച തുക @58/card/ ഉത്തരവ് നം, തിയതി /തുക അനുവദിച്ച കാർഡുകളുടെ എണ്ണം	വൗച്ചർനം./ തിയതി
1	0001 / 15.7.2014	3,28,628	2,90,000 354/Admn&Gen/KUHS/2014 തീയതി 07.08.2014 (5000 കാർഡ്)	p-923/8.8.14 p-924/8.8.14
2	0002 /24.7.2014	1,34,502	1,34,502 400/Admn&Gen/KUHS/2014 തീയതി 1.9.2014 (2319 കാർഡ്)	p-1064/1.9.14 p-1065/1.9.14
3	0003 / 2.8.2014	3,93,414	3,79,262 429/2014/Admn&Gen/KUHS തീയതി 18.9.2014 (6539 കാർഡ്)	p-1223/23.9.14 p-1224/23.9.14

4	0004/1.9.2014	1,43,086	1,34,212 491/2014/Admn&Gen/KUHS തീയതി 24.10.2014 (2314 കാർഡ്)	p-1368/25.10.14 p-1369/25.10.14
5	0001/15.7.2014	38,570	38,570 60/2015/Admn&Gen/KUHS തീയതി 30.1.2015 (665 കാർഡ്)	p-1971/9.2.15 p-1972/9.2.15

സ്മാർട്ട് ഐ.ഡി കാർഡുകളുടെ അച്ചടിയും വിതരണവുമായി ബന്ധപ്പെട്ട് ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

(i) നോട്ട് ഫയൽ ഖണ്ഡിക നം.189 ൽ ഇന്റേണൽ ഓഡിറ്റ് ക്രമ നം 1,2,3 ആയി 23.6.15 ന് താഴെ പറയും പ്രകാരം കുറിപ്പെഴുതിയിട്ടുണ്ട്.

ക്രമ നം:1. "All the cards supplied by the supplier and issued to the students contained blank chips and no data entry was made in the chips".

ക്രമ നം:3. "We have neither procured chip writers for writing in the chips nor chip readers for installation in the examination hall where university examination are being conducted for reading the chips and as such the proposed office automation in respect of identity cards was meaningless".

നോട്ട് ഫയൽ ഖണ്ഡിക നം. 192 ൽ സർവ്വകലാശാലയിലെ സിസ്റ്റം മാനേജർ 30.6.2015 ന് ഇനി പറയും പ്രകാരം കുറിപ്പെഴുതിയിട്ടുണ്ട് " Even though action was taken to procure a writing device, the procurement did not happen. Hence no data were written in the ID cards".

മേൽ പറയുന്ന കുറിപ്പുകളിൽ നിന്നും സ്ഥാപനം പ്രിന്റ് ചെയ്ത് നൽകിയ സ്മാർട്ട് ഐ.ഡി കാർഡുകളിലെ ഇലക്ട്രോണിക്ക് ചിപ്പിൽ വിദ്യാർത്ഥികളുടെ വിവരങ്ങൾ രേഖപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കാതെയും, ഐ.ഡി കാർഡ് റീഡ് ചെയ്യുന്നതിനാവശ്യമായ ഐ.ഡി കാർഡ് റീഡർ പരീക്ഷാ ഹാളുകളിൽ സ്ഥാപിക്കാതെയും

blank സ്മാർട്ട് ഐ.ഡി കാർഡുകൾ പ്രിന്റ് ചെയ്ത് വിതരണം നടത്തി എന്ന് വ്യക്തമാണ്. ഡാ എൻട്രി നടത്താത്ത സ്മാർട്ട് ഐ.ഡി കാർഡും സാധാരണ ഐ.ഡി കാർഡും തമ്മി പ്രായോഗിക തലത്തിൽ യാതൊരു വ്യത്യാസവുമില്ല എന്നതിനാൽ സാധാരണ ഐ.ഡി കാർഡിൽ നിന്നും സ്മാർട്ട് ഐ.ഡി കാർഡിലേയ്ക്കുള്ള ആദ്യ ചുവടുവെപ്പ് തന്നെ പിഴച്ച് പോയി.

(ii) ഐ.ഡി കാർഡ് പ്രിന്റ് ചെയ്ത് നൽകിയ M/S Mewtech Solutions Pvt.Ltd Thrissur എന്ന സ്ഥാപനം സമർപ്പിച്ച ടെണ്ടറിലെ വിവരങ്ങൾ താഴെ നൽകുന്നു.

പട്ടിക 2

Unit price for one	54/-
Total cost for data entry operator for writing and testing	4/-
Total price inclusive all taxes	58/-

ടെണ്ടറിലെ Annexure II ൽ ക്രമ നം 9 ൽ" Rates are inclusive of all taxes " എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്.

എന്നാൽ സ്ഥാപനം സമർപ്പിച്ച പട്ടിക 1 പ്രകാരമുള്ള എല്ലാ ഇൻവോയ്സിലു ടെണ്ടറിൽ ക്വോട്ട് ചെയ്ത 54 രൂപ യൂണിറ്റ് പ്രൈസിനും 4 രൂപ ഡാറ്റ എൻട്രിയ്ക്കും വിരുദ്ധമാ 55.24 രൂപ യൂണിറ്റ് പ്രൈസെന്നും 2.76 രൂപ നികുതിയെന്നും കാണിച്ച് ആകെ 58 രൂ രേഖപ്പെടുത്തിയിരിക്കുന്നു. ടെണ്ടറിൽ രേഖപ്പെടുത്തിയിട്ടുള്ള 58 രൂപ എന്നത് ഡേറ്റാ എൻട്ര നടത്തുന്നതിനുള്ള 4 രൂപ / card ഉൾപ്പെടെയാണ്. എന്നാൽ പദ്ധതി പൂർത്തീകരിക്കുന്ന നായി *"ഡേറ്റാ എൻട്രി"* എന്ന പ്രധാന ജോലി സ്ഥാപനം നടത്തിയിട്ടില്ല. ഡേറ്റാ എൻട്രിയ്ക്കുള്ള സംവിധാനങ്ങൾ സർവ്വകലാശാല ഒരുക്കിയതുമില്ല.

ഡാറ്റ എൻട്രിക്കായി അധികം നൽകിയ 67348 രൂപ(16837x4) 31.7.2015, 14.9.2015 എന്ന തീയതികളിലായി സ്ഥാപനത്തിൽ നിന്നും തിരികെ ഈടാക്കിയിട്ടുണ്ട്. ഈ സാഹചര്യത്തി 2013-14 കാലളവിൽ ഒരു സ്മാർട്ട് ഐ.ഡി.കാർഡിനു വേണ്ടി ചെലവഴിച്ചിട്ടുള്ളത് ₹54/- ആണ്

(iii) ഫയൽ നം.8460/2014/purchase/KUHS പരിശോധിച്ചതിൽ, 2013-14 ൽ പൂർണ്ണമാ പരാജയപ്പെട്ട ഈ പദ്ധതി 2014–15 ൽ തുടർന്നും നടപ്പിലാക്കിയതായി കാണുന്നു (ഉത്തരവ് ന 470/purchase/KUHS/2014 തിയതി 10.10.2014). 2014–15 ൽ വിദ്യാർത്ഥികളുടെ വിവരങ്ങ ഐ.ഡി കാർഡിലെ ഇലക്ട്രോണിക്ക് ചിപ്പിൽ രേഖപ്പെടുത്തുന്നതിനും ഐ.ഡി കാർഡ് റീ ചെയ്യുന്നതിനാവശ്യമായ ഐ.ഡി കാർഡ് റീഡർ പരീക്ഷാ ഹാളുകളിൽ സ്ഥാപിക്കുന്നതിനുമു നടപടികൾ സ്വീകരിക്കാതെ 18500 സ്മാർട്ട് ഐ.ഡി കാർഡുകൾ പ്രിന്റ് ചെയ്യുന്നതിനായി M Mewtech Solutions Pvt.Ltd, Thrissur എന്ന സ്ഥാപനത്തിന്റെ തന്നെ ടെണ്ടർ അംഗീക പ്രവൃത്തി നൽകിയിരിക്കുന്നു.

2014-15 ൽ ടി സ്ഥാപനം സമർപ്പിച്ച ടെണ്ടറിലെ വിവരങ്ങൾ താഴെ നൽകുന്നു.

പട്ടിക - 3

unit price for one card	55
total cost for data entry operator for writing and testing	0
total price inclusive all taxes	55

2014-15 ൽ ഈ സ്ഥാപനം ഡാറ്റ എൻട്രിക്കായി തുക രേഖപ്പെടുത്തിയിട്ടില്ല.

അങ്ങിനെ സ്മാർട്ട് ഐ.ഡി കാർഡുകൾ (blank)പ്രിന്റ് ചെയ്ത് വിതരണം നടത്തിയ ഇനത്തിൽ 9,74,088 രൂപ സർവ്വകലാശാല ചെലവഴിച്ചിട്ടുണ്ട്. ഫയൽ പരിശോധനയിൽ ലഭ്യമായ 2014-15 ലെ ചെലവ് വിവരങ്ങൾ താഴെ നൽകുന്നു.

പട്ടിക 4

ക്രമ നം.	ഇൻവോയ്സ് നം./തിയതി	ഇൻവോയ്സിലെ തുക	അനുവദിച്ച തുക/ ഉത്തരവ് നം/ ഐ.ഡി കാർഡുകളുടെ എണ്ണം
1	MT/150824/0089/24.8.2015	318010	216768/- 400/2015/Admn&Gen/KUHS/ 14.9.2015 5782 കാർഡുകൾ
2	MT/150510/0101/5.10.2015	241945	209763/- 499/2015/Admn&Gen/KUHS/ 21.11.2015 4113 കാർഡുകൾ
3	MT/150711/0125/7.11.2015	431970	400554/- 566/2015/Admn&Gen/KUHS/ 23.12.2015 7854 കാർഡുകൾ
4	MT1602019/00178/19.2.2016	9105	7625/- 151/2016/Admn&Gen/KUHS/ 11.3.2016
5	-	-	ക്രമ നം 1,2,3,4,ലെ ഇൻവോയ്സുകളിൽ നിന്നും പിടിച്ചുവെച്ച 1,27,878/- രൂപ അനുവദിച്ച് നൽകിയത് 294/2016/Admn&Gen/KUHS/ 6.6.2016 (125 കാർഡുകൾ)

6	MT/F8B/015/10.5.2016	5065	5065/- 395/2016/Admn&Gen/KUHS/ 16.7.2016 73 കാർഡുകൾ
	MT/F8B/089/ 6.10.2016	6435	6435/- 44/purchase/KUHS/2017/18.1.2017 99 കാർഡുകൾ

ഈ രണ്ട് സാമ്പത്തിക വർഷങ്ങളിലും സ്മാർട്ട് ഐ.ഡി കാർഡുകൾ (blank)പ്രിന്റ് ചെയ്ത് വിതരണം നടത്തിയതിനു ശേഷം 2015-16 ൽ 20000 സാധാരണ ഐ.ഡികാർഡുകൾ പ്രിന്റ് ചെയ്യുന്നതിനായി M/S Mewtech Solutions Pvt.Ltd, Thrissur എന്ന സ്ഥാപനത്തിന്റെ തന്നെ ടെണ്ടർ വീണ്ടും അംഗീകരിച്ച് പ്രവൃത്തി നൽകിയിട്ടുണ്ട്. 2015-16 ൽ ഒരു സാധാരണ ഐ.ഡി കാർഡിന് 27 രൂപ 75 പൈസയാണ് ടി സ്ഥാപനം ക്വോട്ട് ചെയ്ത തുക (ആകെ 20000x 27.75 = 5,55,000). എന്നാൽ 2013-14, 2014-15 വർഷങ്ങളിൽ പേരിൽ മാത്രം സ്മാർട്ട് ഉപയോഗത്തിൽ സാധാരണവുമായ തിരിച്ചറിയൽ കാർഡ് പ്രിന്റ് ചെയ്യുന്നതിനായി (കാർഡൊന്നിന്) ചെലവഴിച്ച തുകയും, 2015-16 ൽ സാധാരണ തിരിച്ചറിയൽ കാർഡ് പ്രിന്റ് ചെയ്യുന്നതിനായി ചെലവഴിച്ച തുകയും തമ്മിൽ കാർഡൊന്നിന് യഥാക്രമം 26.25(54-27.75), 27.25(55-27.75) രൂപയുടെ അന്തരമുണ്ട്. ഈ വർഷങ്ങളിൽ സ്മാർട്ടല്ലാത്ത "സ്മാർട്ട് ഐ.ഡി.കാർഡ് അച്ചടിച്ചതുമൂലം സർവ്വകലാശാലയ്ക്കുണ്ടായ അധികച്ചെലവിന്റെ വിവരങ്ങൾ താഴെ നൽകുന്നു.

<u>പട്ടിക 5</u>

വർഷം	തുക
2013-14	4,41,971 (16,837x26.25)
2014-15	4,91,754 (18046x27.25)
ആകെ	**9,33,725**

ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (എൻക്വയറി നം. 15/13-14 തീയതി 29.3.2017) "സാധാരണ ID കാർഡിൽ നിന്നും സ്മാർട്ട് ID കാർഡിലേക്ക് മാറ്റിയതിന്റെ ലക്ഷ്യം പൂർത്തിയാക്കാൻ സാധിച്ചില്ല എന്ന ഇന്റേണൽ ഓഡിറ്റ് നിരീക്ഷണത്തിന്റെ സാഹചര്യത്തിൽ നിലവിൽ സാധാരണ ID കാർഡാണ് അച്ചടിച്ച് നൽകിവരുന്നത്" എന്ന മറുപടിയാണ് സർവ്വകലാശാലയിൽ നിന്നും ലഭ്യമായത്(മറുപടി നം.4988/എ 4/ഫിൻ/ ഓഡിറ്റ്/ KUHS/2016/10.05.2017).

2013-14 ൽ പരാജയപ്പെട്ട ഈ പദ്ധതി 2014-15 ലും ആവർത്തിച്ചതിന് ന്യായീകരണമില്ല. പുതിയ ഒരു സാങ്കേതിക വിദ്യ പ്രാവർത്തികമാക്കുമ്പോൾ പുലർത്തേണ്ടതായ ജാഗ്രതയും ദീർഘവീക്ഷണവും സർവ്വകലാശാലയുടെ ഭാഗത്തുനിന്നും ഇല്ലാതിരുന്നതുകൊണ്ടു മാത്രമാണ് തുക ചെലവഴിച്ചിട്ടും ഈ പദ്ധതി പരാജയപ്പെട്ടത് എന്ന് ഓഡിറ്റ് വിലയിരുത്തുന്നു. സ്മാർട്ട് ഐ.ഡി.കാർഡ് നടപ്പാക്കുന്നതിന് സർവ്വകലാശാല വേണ്ടത്ര ഇച്ഛാശക്തി പുലർത്തുകയുണ്ടായില്ല. ഇക്കാര്യത്തിൽ വിശദീകരണം നൽകേണ്ടതാണ്.

3.2 രേഖകളുടെ അഭാവത്തിൽ ചെലവുതുക₹ 48,00,000/- തടസ്സപ്പെടുത്തുന്നു.

താഴെപ്പറയുന്ന ചെലവുകളുമായി ബന്ധപ്പെട്ട ഫയൽ, ചെലവുരേഖകൾ, രജിസ്റ്ററുകൾ എന്നിവ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ ചെലവുകളുടെ കൃത്യത പരിശോധിക്കാനായിട്ടില്ല. ഓഡിറ്റ് റിക്വിസിഷൻ(9/2013-14/തീയതി 9.2.2017) പ്രകാരം ഫയലുകൾ ആവശ്യപ്പെട്ടപ്പോൾ വിജിലൻസ് & ആന്റി കറപ്ഷൻ, തൃശ്ശൂർ യൂണിറ്റിലേക്ക് ഫയലുകൾ ഹാജരാക്കിയിരിക്കുകയാണ് എന്നാണ് ഓഡിറ്റിനെ അറിയിച്ചത്.

ക്രമ നം	വൗച്ചർ നം., തീയ്യതി	ചെക്ക് നം., തീയ്യതി	തുക	ചെലവു സംബന്ധിച്ചുള്ള വിവരണം
1	390/30.5.13	198581/30.5.13	48,00,000/-	107/Purchase/KUHS/2013 തീയതി 27.5.2013 പേമെന്റ് ഉത്തരവു പ്രകാരം M/S.Forest Industries Pvt.Ltd.ൽ നിന്നും ഫർണ്ണീച്ചർ വാങ്ങിയ ഇനത്തിൽ ചെലവാക്കിയ തുക

രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കുന്നതുവരെ ചെലവു തുക ₹48,00,000/- തടസ്സത്തിൽ വെയ്ക്കുന്നു.

3.3 ബാർകോഡഡ് ഉത്തര പുസ്തകങ്ങളുടെ അച്ചടിയും വിതരണവും- അപാകതകൾ

ഫയൽ നം.6167/Purchase/KUHS/2013

വൗച്ചർ നം. 1923/തീയ്യതി: 30.01.2015

ചെക്ക് നം. 554199/30.01.2015

ചെലവ് തുക : ₹ 42,09,000

2014 വർഷം കോളേജുകളിൽ തടസ്സം കൂടാതെ വിതരണം നടത്തുന്നതിനായി 52, 32 പേജ്, 12 പേജ് ഉത്തരപുസ്തകങ്ങൾ യഥാക്രമം 3 ലക്ഷം, 1 ലക്ഷം, 2 ലക്ഷം അടിയന്തരമായി അച്ചടിച്ച് നൽകുവാൻ പരീക്ഷാ കൺട്രോളർ 18.10.2013 ൽ വിഭാഗത്തോട് ആവശ്യപ്പെട്ടതിനെ തുടർന്ന് 06.11.2013 ലെ പർച്ചേസ് കമ്മിറ്റി തീരുമാനപ്രകാരം 43 ലക്ഷം രൂപ അടങ്കൽ തുകയ്ക്ക് മേൽ ആവശ്യപ്പെട്ട പ്രകാരം നടത്തുന്നതിന് ഓപ്പൺ ടെണ്ടർ ക്ഷണിക്കുവാൻ 26.11.2013 ലെ 442/2013/Admn Gen/KUHS പ്രകാരം രജിസ്ട്രാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. 4 സ്ഥാപനങ്ങൾ സമർപ്പിച്ചതിൽ ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത (52 പേജ്-10.10/ ഒരെണ്ണം, 32 6.99/ ഒരെണ്ണം, 12 പേജ്- 2.40/ ഒരെണ്ണം) M/S.Seshasai E Forms Pvt.Ltd., ബാംഗ്ലൂർ സ്ഥാപനത്തിൽ നിന്നും വാങ്ങൽ നടത്തുന്നതിന് 255/2014/Admn & Gen/KUHS/9.6 പ്രകാരം ഉത്തരവായിട്ടുണ്ട്. 9.6.14 ലെ 6167/Pur/KUHS/2014 കത്ത് പ്രകാരം M/S.Seshasai E Forms Pvt.Ltd എന്ന സ്ഥാപനത്തിന് സപ്ലൈ ഓർഡർ നൽകുകയും 18.6.2014 സ്ഥാപനവുമായി കരാറിലേർപ്പെടുകയും ചെയ്തു.

ഉത്തരപുസ്തകങ്ങളുടെ അച്ചടിയിലും വിതരണത്തിലും താഴെപ്പറയുന്ന അപാകതകളുണ്ട്.

(i) 52 പേജ് ഉത്തരപുസ്തകങ്ങൾ 30.09.2014 ന് മുമ്പ് സപ്ലൈ ചെയ്യുവാനും ... പാലിക്കുന്നില്ലായെങ്കിൽ സപ്ലൈ ഓർഡർ റദ്ദ് ചെയ്യുമെന്നും യൂണിവേഴ്സിറ്റിക്കുണ്ടാകുന്ന കഷ്ടനഷ്ടങ്ങൾക്ക് സപ്ലൈയർ ഉത്തരവാദിയായിരിക്കുമെന്നും സപ്ലൈ ഓർഡറിനോടൊ... സ്ഥാപനത്തെ അറിയിക്കുകയും അപ്രകാരം കരാർ ചമയ്ക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ 52 ... ഉത്തരപുസ്തകങ്ങൾ 1 ലക്ഷം എണ്ണം 16.10.2014 നും 1 ലക്ഷം എണ്ണം 23.10.2014 നും 1 ല... എണ്ണം 18.11.2014 നുമാണ് അച്ചടിച്ച് ലഭ്യമാക്കിയിട്ടുള്ളത്. ഉത്തരപുസ്തകങ്ങൾ അച്ച... ലഭ്യമാക്കുവാൻ വൈകിയതിന് സ്ഥാപനത്തിനെതിരെ സർവ്വകലാശാല അധികൃതർ ക... ലംഘനത്തിന് നിയമനടപടികൾ സ്വീകരിച്ചിട്ടില്ല. മാത്രമല്ല 2014 വർഷത്തെ കോളേജുകളിൽ തടസ്സം കൂടാതെ വിതരണം നടത്തുന്നതിനായുള്ള ഉത്തരപുസ്തകങ്ങ... അച്ചടിച്ച് ലഭിക്കുവാൻ 18.10.2013 ൽ നടപടിക്രമങ്ങൾ ആരംഭിച്ചെങ്കിലും 18.11.20... -ഓടുകൂടിയാണ് ഉത്തരപുസ്തകങ്ങൾ പൂർണ്ണമായി അച്ചടിച്ച് ലഭിച്ചത്.

(ii). അച്ചടിച്ച് ലഭിച്ച ബാർകോഡഡ് ഉത്തരപുസ്തകങ്ങൾ സംബന്ധിച്ച് വിവിധ കോളേജുകളിൽ നിന്ന് ഗൗരവമേറിയ പരാതികൾ ലഭിച്ചതിനാൽ ഇത് സംബന്ധിച്ച് (24.03.2015 6167/Pur/KUHS/2013 കത്ത് പ്രകാരം) രജിസ്ട്രാർ, .Seshasai E Forms Pvt. Ltd., Bangal... എന്ന സ്ഥാപനത്തിന് കത്തയച്ചിട്ടുണ്ട്. ഏതാണ്ട് ഒട്ടുമിക്ക കോളേജുകളിൽ നിന്നും വാക്കാ... എഴുതിയോ ആയ പരാതികൾ ലഭിച്ചിട്ടുണ്ടെന്നും ഗുണനിലവാരത്തിന്റെ കാര്യത്തിൽ യൂണിവേഴ്സിറ്റി നാളിതുവരെ ഇത്തരം പൂർണ്ണമായും നിരാശജനകമായ പരാതികളും കരാറി... കാര്യത്തിൽ മോശമായ പ്രകടനവും കണ്ടിട്ടില്ലായെന്നും അനുകൂലമായ നടപടി... സ്ഥാപനത്തിന്റെ ഭാഗത്തുനിന്നും ഉണ്ടായില്ലായെങ്കിൽ നിയമനടപടികൾ സ്വീകരിക്കും... പ്രസ്തുത കത്തിൽ അറിയിച്ചിട്ടുണ്ട്.

പുഷ്പഗിരി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് & റിസർച്ച് സെന്റർ, തിരുവല്ല; ഡോ.സോമർവെൽ മെമ്മോറിയൽ സി.എസ്.ഐ. മെഡിക്കൽ കോളേജ്, കാരക്കോണം; റോയൽ ഡെന്റൽ കോളേജ്, പാലക്കാട്; ആതുരാശ്രമം എൻ.എസ്.എസ്.മെഡിക്കൽ കോളേജ് കോട്ടയം; മേഴ്സി കോളേജ് ഓഫ് നഴ്സിംഗ്, കൊട്ടാരക്കര; പരിയാരം ഡെന്റൽ കോളേജ്; ഡോ.പി.എം.എച്ച്.മെഡിക്കൽ കോളേജ്, ചോറ്റാനിക്കര; അസ്സീസിയ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് &റിസർച്ച് സെന്റർ, കൊല്ലം എന്നീ സ്ഥാപനങ്ങളിൽ നിന്ന് ലഭിച്ച പരാതികൾ താഴെ പറയുന്നു.

1. There are missing pages in the answer books, Eg:- In an answer book bearing No.KUHS 101295 which should have 52 pages, it was found that pages from 15 to 38 were missing.

2. There are wrong entries of page numbers and some pages did not have any page number.

3. In an answer book with No.100012289, the pages are detached and was stapled

4. 12 numbers of answer books were found with the margins upside down and had to be replaced.

5. Anwer Book No.100042710 is not at all serially numbered.

6. In one set of answer books the pages were not serially numbered or the numbers were not in order.

7. Some of the answer books of both 32 & 82 pages had the pages upsided down, margin at the right side, wrong page numbers. Even the university emblem printed at the centre of some answer books were upside down.

8. Bar codes are not clear

അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.3/2014-15/ തീയതി: 8.3.2017) എൽ.എഫ്.എ./1455/എക്സാം.ജനറൽ/കെ.യു.എച്ച്.എസ്./2015/തീയതി 28.4.2017 ആയി പരീക്ഷാ കൺട്രോളർ മറുപടി നൽകിയിട്ടുണ്ട്.

2015 ജനവരി മുതൽ നടത്തിയ എല്ലാ പരീക്ഷകൾക്കും ഈ ഉത്തരപുസ്തകങ്ങൾ ഉപയോഗിച്ചിട്ടുണ്ടെന്നാണ് അപാകതകൾ സംബന്ധിച്ചുള്ള അന്വേഷണവുമായി ബന്ധപ്പെട്ട് ഓഡിറ്റിനെ അറിയിച്ചിട്ടുള്ളത്. ബാർകോഡുകൾ ഉത്തരപേപ്പർ മൂല്യനിർണ്ണയത്തിലെ സുപ്രധാന ഘടകമാണെന്നിരിക്കെ അവ്യക്തമായ ബാർകോഡുകൾ ഉള്ള ഉത്തരപുസ്തകങ്ങൾ എപ്രകാരം മൂല്യനിർണ്ണയം നടത്തി എന്ന ഓഡിറ്റ് അന്വേഷണത്തിന് അടിയന്തിര ഘട്ടത്തിൽ മാന്വൽ ആയി ഉപയോഗിക്കാവുന്ന ബദൽമാർഗ്ഗങ്ങൾ നിലവിലുണ്ടെന്നും അതിനാൽ മൂല്യനിർണ്ണയം തടസ്സപ്പെട്ടിട്ടില്ലായെന്നുമാണ് മറുപടി ലഭിച്ചിട്ടുള്ളത്. ഈ ബദൽമാർഗ്ഗങ്ങൾ എന്താണെന്നോ എത്രത്തോളം പ്രായോഗികമായെന്നോ അന്വേഷണവിധേയമാക്കേണ്ടതുണ്ട്. സർവ്വകലാശാലയിൽ സ്റ്റോക്ക് ഉണ്ടായിരുന്ന നാൽപ്പതിനായിരത്തോളം ഉത്തരപുസ്തകങ്ങളിൽ നാലായിരത്തോളം എണ്ണത്തിൽ ബാർകോഡ് സംബന്ധിച്ച് അപാകതകളുള്ളതായി കണ്ടെത്തിയതിനെത്തുടർന്ന് കമ്പനി സ്വന്തം ചെലവിൽ അപാകതകൾ പരിഹരിച്ച് നൽകിയെന്നും അവ പിന്നീടുള്ള പരീക്ഷകൾക്ക് ഉപയോഗിച്ചിട്ടുണ്ടെന്നും ഓഡിറ്റിനെ അറിയിച്ചിട്ടുണ്ട്. അതേ സമയം വിവിധ കോളേജുകളിൽ സ്റ്റോക്കുണ്ടായിരുന്ന ഉത്തരപുസ്തകങ്ങളിൽ എത്രയെണ്ണം അപാകതകൾ ഉള്ളവ ആയിരുന്നുവെന്ന് അധികാരികൾ വ്യക്തമാക്കിയിട്ടില്ല. മാത്രമല്ല, കോളേജുകളിൽ സ്റ്റോക്ക് ഉണ്ടായിരുന്ന ഉത്തരപുസ്തകങ്ങളിലെ അപാകതകളൊന്നുംതന്നെ കമ്പനി പരിഹരിച്ച് നൽകിയിട്ടുമില്ല. വിവിധ കോളേജുകളിൽ സ്റ്റോക്കുള്ളതും, ബാർകോഡുകളിൽ അപാകതകളുള്ളതുമായ ഉത്തരപുസ്തകങ്ങൾ ഒന്നാംവർഷ വിദ്യാർത്ഥികൾക്ക് മോഡൽ പരീക്ഷകളിൽ ഉപയോഗിക്കുന്നതിനായി പരീക്ഷാ കൺട്രോളർ 13/2017/Exam/Gen/തീയതി: 25.01.2017 പ്രകാരം ഉത്തരവിറക്കിയിട്ടുണ്ട്.

അതീവശ്രദ്ധയോടെയും കൃത്യതയോടെയും പരീക്ഷ നടത്തി അത് യഥാവിധി മൂല്യനിർണ്ണയ നടത്തി ബിരുദങ്ങളും മറ്റ് അക്കാദമിക് ബഹുമതികളും നൽകുക എന്നുള്ള സർവ്വകലാശാലയുടെ പരമപ്രധാനമായ ചുമതലയാണ്. സർവ്വകലാശാലയുടെ പരീക്ഷകളുടെയു ടെസ്റ്റുകളുടെയും നടത്തിപ്പിന്റെ ചാർജ്ജുള്ള പ്രധാന ഉദ്യോഗസ്ഥൻ പരീക്ഷാ കൺട്രോളർ ആണ് അരക്കോടി രൂപയോടടുത്ത് ചെലവഴിച്ച് സമാഹരിച്ച ഉത്തരപുസ്തകങ്ങളിൽ മിക്കവയിലു അപാകതകൾ കണ്ടെത്തിയതിനെ തുടർന്ന്, സർവ്വകലാശാലയിൽ സ്റ്റോക്കു ഉത്തരപുസ്തകങ്ങൾ മാത്രമാണ് വിതരണ സ്ഥാപനം പുന:പരിശോധന നടത്തിയിട്ടുള്ളത്. പ്രധാ പരീക്ഷകൾക്കായി വൻതുക ചെലവഴിച്ച് വാങ്ങിയ ഉത്തരപുസ്തകങ്ങളിൽ അപാകതകൾ ഉള്ള മോഡൽ പരീക്ഷകൾക്ക് ഉപയോഗിക്കുന്നതുവഴി സർവ്വകലാശാലയ്ക്ക് വിതരണകമ്പ വരുത്തിവച്ച കഷ്ടനഷ്ടങ്ങൾ പരിഹരിക്കപ്പെടുന്നില്ല എന്നുമാത്രമല്ല കോളേജുകളിൽ നടത്തു മോഡൽ പരീക്ഷകൾക്കുള്ള ഉത്തരപുസ്തകങ്ങളുടെ ചെലവും സർവ്വകലാശാല ഫണ്ടിൽ നിന്നു വിനിയോഗിക്കുന്നു എന്ന് കണക്കാക്കേണ്ടിയിരിക്കുന്നു. സർവ്വകലാശാലയ്ക്കുണ്ടായ കഷ്ടനഷ്ടങ്ങ പരിഹരിക്കുന്നതിനായി വിതരണ കമ്പനിക്കെതിരെ നിയമനടപടികൾ സ്വീകരിക്ക ന്നതിനുപകരം ഗൗരവമേറിയ അപാകതകളെ അവഗണിച്ചോ ന്യായീകരിച്ചോ ഉത്തരവാ ത്വത്തിൽ നിന്നും അധികാരസ്ഥാനങ്ങളിലുള്ളവർ ഒഴിഞ്ഞുമാറുന്ന പ്രവണത ഉചിതമല്ല.

(iii) വാങ്ങലുമായി ബന്ധപ്പെട്ട് പ്രത്യേക നിയമ വ്യവസ്ഥകൾ സർവ്വകലാശാലയ്ക്ക് ഇല്ലാത്തതിനാൽ കേരള ഫിനാൻഷ്യൽ കോഡ്, കേരള സ്റ്റോർ പർച്ചേസ് മാന്വൽ എന്നിവയിലെ വ്യവസ്ഥകൾ പാലിച്ചുകൊണ്ടായിരിക്കണം വാങ്ങലുകൾ നടത്തേണ്ടത്. 2013 ലെ കേരള സ്റ്റോർ പർച്ചേസ് മാന്വൽ പ്രകാരം വാർഷിക ആവശ്യകതാ നിർണ്ണയം നടത്തിയും വാർഷിക ഇൻഡന്റ് തയ്യാറാക്കിയുമായിരിക്കണം വാങ്ങൽ നടത്തേണ്ടത്.

വിവിധ കോളേജുകളിൽ സ്റ്റോക്കുള്ള ഉത്തരപുസ്തകങ്ങളുടെ എണ്ണം കണക്കിലെടുക്കാതെയും കൃത്യമായ വാർഷിക ആവശ്യകതാനിർണ്ണയം നടത്താതെയും പേരിന് മാത്രമായൊരു 'list of stock and requirement' എന്ന പത്രിക മാത്രം തയ്യാറാക്കി പരീക്ഷാ കൺട്രോളർ പർച്ചേസ് സെക്ഷന് നൽകിയതായാണ് ഫയലിൽ കാണുന്നത്. ഇതിൽ വിവിധ കോളേജുകളിൽ സ്റ്റോക്കുള്ള ഉത്തരപുസ്തകങ്ങളുടെ എണ്ണം രേഖപ്പെടുത്തിയിട്ടില്ല.

ഉത്തരപുസ്തകങ്ങളുടെ സ്റ്റോക്കിന്റെ ഭൗതിക പരിശോധനയ്ക്കായി (1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം, വകുപ്പ് 6(3) പ്രകാരം) ഓഡിറ്റ് ടീം 19.05.2017 ന് സർവ്വകലാശാലയുടെ സ്റ്റോറിലെത്തിയപ്പോൾ ഉപയോഗിക്കാത്ത ലക്ഷക്കണക്കിന് ഉത്തരപുസ്തകങ്ങൾ സ്റ്റോറിന്റെ ഒരു ഭാഗത്ത് കമിഞ്ഞുകൂടി കിടക്കുന്നതായി കാണാൻ സാധിച്ചു. ഉത്തരപുസ്തകങ്ങളുടെ ബാർകോഡ് അക്കങ്ങളുടെ എണ്ണം കാലാകാലങ്ങളിൽ/ വർഷംതോറും മാറ്റുന്ന സമ്പ്രദായമാണ് നിലവിൽ സർവ്വകലാശാല തുടർന്നുപോരുന്നത്. നിലവിൽ (2017-ൽ) 10 അക്ക ബാർകോഡുകളുള്ള ഉത്തരപുസ്തകങ്ങളാണ് പരീക്ഷകൾക്കായി ഉപയോഗിക്കുന്നത്. മുൻവർഷങ്ങളിൽ അച്ചടിച്ച 10 ൽ താഴെ ബാർകോഡ് അക്കങ്ങളുള്ളതും നിലവിൽ ഉപയോഗിക്കാൻ സാധിക്കാത്തതുമായ ഉത്തരപുസ്തകങ്ങളാണ് സർവ്വകലാശാല സ്റ്റോറിൽ ഒരു ഭാഗത്ത് കൂട്ടിയിട്ടിരിക്കുന്നത്. ഓരോ കോളേജിലേക്കും ഓരോ പരീക്ഷയ്ക്കും ആവശ്യമായ ഉത്തരപുസ്തകങ്ങളുടെ എണ്ണം കണക്കാക്കി അവ സർവ്വകലാശാലയിൽ നിന്നും പരീക്ഷയോടനുബന്ധിച്ച് എത്തിച്ചുനൽകുവാനും പരീക്ഷ കഴിഞ്ഞ് ബാക്കിയുള്ള ഉത്തരപുസ്തകങ്ങൾ തിരികെ വാങ്ങി ആവശ്യമുള്ള മറ്റ് കോളേജുകൾക്ക് കൈമാറുകയും ചെയ്യുന്നതിനു പകരം ബാർകോഡ് ഡിജിറ്റുകളുടെ എണ്ണം സർവ്വകലാശാല മാറ്റുമ്പോൾ മാത്രമാണ് കോളേജുകളിൽ അവശേഷിക്കുന്ന ഉത്തരപുസ്തകങ്ങൾ തിരികെ വാങ്ങുന്നത് എന്നതിനാൽ അപ്രകാരം തിരികെ ലഭിക്കുന്ന ഉത്തരപുസ്തകങ്ങൾ പിന്നീടുള്ള പരീക്ഷകൾക്ക് ഉപയോഗിക്കാൻ സാധിക്കാതെ വരുന്നു.

ചിത്രം 1



ചിത്രം 2



ഉപയോഗിക്കാനാവാത്ത ലക്ഷക്കണക്കിന് ഉത്തരപുസ്തകങ്ങൾ സ്റ്റോറിൽ കുമിഞ്ഞ്
കിടക്കുന്ന നിലയിൽ

ബാർകോഡുകൾ കാലാകാലങ്ങളിൽ/വർഷംതോറും മാറ്റുന്ന രീതി തുടരുമ്പോൾ, വാർഷിക ആവശ്യകത കൃത്യമായി കണക്കിലെടുത്ത് ഉത്തരപുസ്തകങ്ങൾ അച്ചടിക്കുന്നതിന് അധികാരപ്പെട്ട ഉദ്യോഗസ്ഥർ അതീവശ്രദ്ധ പുലർത്തേണ്ടതായിരുന്നു. ആവശ്യകതയും അച്ചടിയും തമ്മിൽ എണ്ണത്തിൽ അജഗജാന്തരം ഉണ്ടാകുന്നത്(നിലവിൽ ആവശ്യകതയിൽ അധികമാണ് അച്ചടിക്കുന്നത്) സർവ്വകലാശാല ഫണ്ടിന്റെ ദുർവ്യയത്തിന് കാരണമാകുന്നു.

മേൽപ്പറയുന്ന അപാകതകൾ സംബന്ധിച്ച് വിശദമായ ഒരന്വേഷണം ഓഡിറ്റ് ശുപാർശ ചെയ്യുന്നു. ഇത്തരം അപാകതകൾ മേലിൽ തുടരാതിരിക്കാനുള്ള കാലോചിതവും പ്രായോഗികവുമായ പരിഹാര നടപടികൾ സർവ്വകലാശാലയുടെ ഭാഗത്തുനിന്നും സ്വീകരിക്കേണ്ടതുമാണ്. ഉത്തരപുസ്തകങ്ങളുടെ സൂക്ഷ്മവും സുരക്ഷിതവുമായ അച്ചടി ഉറപ്പുവരുത്തുവാൻ സർവ്വകലാശാല നിയമത്തിലെ വകുപ്പ് 6(XXIX)(എ)യിൽ വ്യവസ്ഥ ചെയ്യും പ്രകാരം ഒരു അച്ചടി പ്രസിദ്ധീകരണ വിഭാഗം സർവ്വകലാശാലയുടെ നിയന്ത്രണത്തിൽ ആരംഭിക്കുവാനും ഓഡിറ്റിൽ നിർദ്ദേശിക്കുന്നു.

3.4) Supply, Installation, Testing & Commissioning of Elevator System (SITC) in Administrative Office building- ടെണ്ടർ കൂടാതെ പ്രവൃത്തി നടത്തി, മറ്റ് അപാകതകൾ

ഫയൽ നം. 7479/2013/IDP/Works/KUHS

ഭരണാനുമതി	കേരള ആരോഗ്യ സർവ്വകലാശാല രജിസ്ട്രാരുടെ 7479/2013/IDP Works- KUHS തീയ്യതി 28.11.2013
സാങ്കേതികാനുമതി	

കരാർ നം. ഇല്ല തീയ്യതി 13.12.2013
കരാറുകാരൻ M/S HLL Life Care Ltd, തിരുവനന്തപുരം
അടങ്കൽ തുക : ₹1,23,99,900/-

ആകെ ചെലവ് ചെയ്ത തുക: ₹97,94,400/-

വർക്ക് ഓർഡർ നമ്പർ 7479/2013 IDP Works KUHS 07 Dt.28.11.2013

അളവു പുസ്തകം നമ്പർ CMB 2/LIFT, MB 24/14-15, CMB 3/LIFT, CMB 4/LIFT

വൗ.നം.1722 തീ.24.12.2014 ₹ 9,79,440/-
വൗ.നം.1724 തീ.24.12.2014 ₹ 9,89,934/-

കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാല അഡ്മിനിസ്ട്രേറ്റീവ് ബിൽഡിംഗ് നിർമ്മാണ പ്രവൃത്തിയുടെ കരാറുകാരായ M/S HLL Life Care Ltd എന്ന സ്ഥാപനത്തെ ലിഫ്റ്റ് സൗകര്യം ഏർപ്പെടുത്തുന്ന പ്രവൃത്തി നിർവ്വഹിക്കുന്നതിന് 'Nominate' ചെയ്യുവാൻ 01.12.2012 ലെ ഗവേണിംഗ് കൗൺസിൽ അജണ്ട 10.25 പ്രകാരം തീരുമാനിച്ചു. ലിഫ്റ്റ് സൗകര്യം ഏർപ്പെടുത്തുന്ന പ്രവൃത്തിയുമായി ബന്ധപ്പെട്ട അപാകതകൾ താഴെ ചേർക്കുന്നതു പ്രകാരം കേരള ആരോഗ്യ സർവ്വകലാശാല അധികൃതരുടെ ശ്രദ്ധയിൽ കൊണ്ടുവരുകയുണ്ടായി.

ഓഡിറ്റ് എൻക്വയറി നം. 21/13-14 തീയ്യതി 06.05.2017
ഓഡിറ്റ് എൻക്വയറി നം. 9/14-15 തീയ്യതി 06.05.2017

ഓഡിറ്റ് എൻക്വയറികൾക്ക് കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാല 4988/എ 4/ഫിൻ ഓഡിറ്റ് /KUHS /2016 തീയ്യതി 16.5.2017 പ്രകാരം നൽകിയ 2 മറുപടികൾ തൃപ്തികരമല്ലായിരുന്നു.

അപാകതകൾ താഴെ ചേർക്കുന്നു.

1. 09.05.2011 ന് നൽകിയ പരസ്യ പ്രകാരം ടെണ്ടർ ലഭിച്ച് കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാല അഡ്മിനിസ്ട്രേറ്റീവ് കെട്ടിട നിർമ്മാണം നടത്തി വരുന്ന M/S HLL Life Care Ltd എന്ന സ്ഥാപനത്തെ ലിഫ്റ്റ് സൗകര്യം ഏർപ്പെടുത്തുന്ന പ്രവൃത്തി മുൻപ് സൂചിപ്പിച്ചതു പ്രകാരം ഗവേണിങ് കൗൺസിൽ nominate ചെയ്ത് ഏൽപ്പിക്കുകയുണ്ടായി.

അഡ്മിനിസ്ട്രേറ്റീവ് കെട്ടിടനിർമ്മാണത്തിനു മാത്രം ടെണ്ടർ ലഭിച്ച M/S HLL Life Care Ltd എന്ന സ്ഥാപനത്തെ ലിഫ്റ്റ് സൗകര്യം ഏർപ്പെടുത്തുന്ന പ്രവൃത്തി പുതിയ ടെണ്ടർ പരസ്യം നൽകാതെ ഗവേണിങ് കൗൺസിൽ 'Nominate' ചെയ്തത് എന്തടിസ്ഥാനത്തിലാണെന്ന് ഓഡിറ്റ് എൻക്വയറികൾ നൽകി ആരായുകയുണ്ടായി. കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട പ്രവൃത്തി ഒരു ഏജൻസി മുഖേന നടപ്പിലാക്കിയാൽ മാത്രമേ പ്രവൃത്തി നിർവ്വഹണം സുഗമമായും സമയബന്ധിതമായും പൂർത്തിയാക്കാൻ സാധിക്കുകയുള്ളുവെന്നതിനാലാണ് ഇപ്രകാരം തീരുമാനമെടുത്തതെന്നും ഗവേണിങ് കൗൺസിലിന് ഇപ്രകാരം അധികാരമുണ്ടെന്നുമുള്ള മറുപടിയാണ് കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാല അധികൃതർ ലഭ്യമാക്കിയത്.

(എ) ഏതെങ്കിലും പൊതുമരാമത്തുപണി നടന്നുവരുമ്പോൾ അതിനോടനുബന്ധമായ മറ്റേതെങ്കിലും പ്രവൃത്തികൾ കൂടി ചെയ്യേണ്ടി വരുന്ന സാഹചര്യത്തിൽ റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി റിവൈസ്ഡ് ഭരണാനുമതി, സാങ്കേതികാനുമതി എന്നിവയുടെ അടിസ്ഥാനത്തിലാണ് ബന്ധപ്പെട്ട പ്രവൃത്തികൾ നിർവ്വഹിക്കേണ്ടിയിരുന്നത്. റിവൈസ്ഡ് എസ്റ്റിമേറ്റ്, പുതുക്കിയ ഭരണാനുമതി , സാങ്കേതികാനുമതി എന്നിവ ഇല്ലാതെ 01.12.2012 ലെ ഗവേണിങ് കൗൺസിൽ അജണ്ട 10.25 പ്രകാരം മേൽപ്രകാരം പ്രവൃത്തിയുൾപ്പെടെ 6.86 കോടി അടങ്കലുള്ള 6 വിവിധ പ്രവൃത്തികൾ നിർവ്വഹിക്കുന്നതിന് M/S.HLL Life Care Ltd എന്ന സ്ഥാപനത്തെ ടെണ്ടർ നടപടികൾ കൂടാതെ nominate ചെയ്തത് നിയമവിരുദ്ധമാണ്.

(ബി) ലിഫ്റ്റ് സൗകര്യം ഏർപ്പെടുത്തുന്ന പ്രവൃത്തി സപ്ലൈ & കമ്മീഷണിങ് ഉൾപ്പെട്ടതിനാലും കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാലയ്ക്ക് പ്രത്യേക മേൽനോട്ടത്തിന്റെ ആവശ്യകതയില്ലാത്ത സാഹചര്യത്തിലും ടെണ്ടർ പരസ്യം നൽകി M/S.KONE, M/S.OTIS, M/S.INFRA എന്നിവ പോലുള്ള സ്ഥാപനങ്ങളെക്കൊണ്ട് കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാലയ്ക്ക് നേരിട്ട് പ്രവൃത്തി നിർവ്വഹിക്കാമായിരുന്നു. ഇലക്ട്രിക്കൽ പ്രവൃത്തികളോടൊപ്പം ചെയ്യേണ്ട 'എർത്തിങ് വർക്കുകൾ പ്രത്യേക പ്രവൃത്തിയായി ശ്രീ.മുഹമ്മദ് അസ്ലാം.എം., M/S.ആസിഫ് ഇലക്ട്രിക്കൽ വർക്സ്, കൊണ്ടോട്ടി, മലപ്പുറം എന്നയാളെക്കൊണ്ട് ഓഡിറ്റ് കാലയളവിൽ ചെയ്തത് ഇക്കാര്യം സാധൂകരിക്കുന്നു. ലിഫ്റ്റ് സൗകര്യം ഏർപ്പെടുത്തുന്ന പ്രവൃത്തിയ്ക്ക് ₹ 1,23,99,900/- എസ്റ്റിമേറ്റ് എക്സിക്യൂട്ടിങ് ഏജൻസിയായ M/S HLL Life Care Ltd. തയ്യാറാക്കി.എന്നാൽ M/S.KONE Ltd. എന്ന സ്ഥാപനം 93,28,000/- എന്ന നിരക്കിലാണ് മേൽപ്രകാരം പ്രവൃത്തിയ്ക്ക് ടെണ്ടർ നൽകിയത്.കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാല നേരിട്ട് ടെണ്ടർ ക്ഷണിച്ചിരുന്നുവെങ്കിൽ ഇതിലും കുറവിൽ പ്രവൃത്തി ചെയ്യു ലഭിയ്ക്കുകയും കൂടാതെ കൺസൾട്ടൻസി ചാർജ്ജിനത്തിൽ ₹4,66,400/- M/S.HLL Life Care Ltd ന് നൽകേണ്ടി വന്നത് ഒഴിവാക്കാനുമാകുമായിരുന്നു.

2. വിശദമായ എസ്റ്റിമേറ്റ്, പ്ലാൻ എന്നിവ തയ്യാറാക്കുന്നതിന് അധികാരപ്പെട്ട സാങ്കേതിക വിഭാഗം നൽകുന്ന അംഗീകാരമാണ് സാങ്കേതികാനുമതി. അർഹമായ ഡാറ്റ, നിരക്ക് , ഗുണനിലവാരം എന്നിവ സാങ്കേതികാനുമതി വഴി ഉറപ്പുവരുത്താനാകുന്നു. 'ലിഫ്റ്റ് 'സൗകര്യം എർപ്പെടുത്തുന്ന പ്രവൃത്തിക്ക് യാതൊരു സാങ്കേതിക ജ്ഞാനവും ഇല്ലാത്ത കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാല രജിസ്ട്രാർ സാങ്കേതികാനുമതി നൽകിയിട്ടുള്ളതായി കണ്ടു.

സാങ്കേതിക വിദഗ്ധരുടെ ശ്രേണി സംവിധാനം സർവ്വകലാശാലയിൽ ഇല്ലാത്തതിനാലും സാങ്കേതികാനുമതി നൽകുന്നതിനുള്ള അധികാരം സ്റ്റാറ്റ്യൂട്ട് പ്രകാരം ആർക്കും നൽകിയിട്ടില്ലാത്തതിനാലുമാണ് കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാല രജിസ്ട്രാർ ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകിയത് എന്ന മറുപടിയാണ് ഓഡിറ്റ് എൻക്വയറിയ്ക്ക് നൽകിയത്.

G.O.(P)408/2007/Fin തീയ്യതി 7.9.2007 ഖണ്ഡിക (VII) പ്രകാരം എക്സിക്യൂട്ടിങ് ഏജൻസിയാണ് എസ്റ്റിമേറ്റിന് സാങ്കേതികാനുമതി നൽകേണ്ടത്. എക്സിക്യൂട്ടിങ് ഏജൻസിയായ M/S.HLL Life Care Ltd.ന്റെ സേവനം ഉപയോഗപ്പെടുത്താതെ യാതൊരു സാങ്കേതിക ജ്ഞാനവുമില്ലാത്ത രജിസ്ട്രാർ പ്രവൃത്തിക്കുവേണ്ടി സാങ്കേതിക അനുമതി നൽകിയത് ശരിയല്ല.

ലിഫ്റ്റ് സൗകര്യം ഏർപ്പെടുത്തുന്ന പ്രവൃത്തിയ്ക്കുവേണ്ടി M/S.HLL Life Care Ltd എന്ന സ്ഥാപനം ₹ 1,23,99,900/- എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നുവെങ്കിലും ₹93,28,000/-ചെലവിൽ പ്രവൃത്തി ചെയ്യുവാൻ M/S.KONE Ltd. എന്ന സ്ഥാപനം തയ്യാറായി. ഉചിതമായ അധികാര സ്ഥാനത്തുനിന്ന് സാങ്കേതികാനുമതി ലഭ്യമായിരുന്നുവെങ്കിൽ ഇപ്രകാരം അധികരിച്ച നിരക്കിലുള്ള എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് ഇടവരികയില്ലായിരുന്നു.

3. കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാല പോലുള്ള സ്വയംഭരണ സ്ഥാപനങ്ങൾ G.O.(P)408/2007 ഫിൻ തീയ്യതി 7.9.2007, G.O.(P)311/2014 ഫിൻ തീയ്യതി 30.7.14, എന്നീ സർക്കാർ ഉത്തരവുകൾക്ക് വിധേയമായാണ് വിവിധ പൊതുമരാമത്ത് പ്രവർത്തികൾ നിർവ്വഹിയ്ക്കേണ്ടത്. മേൽപ്രകാരം പ്രവൃത്തിയുമായി ബന്ധപ്പെട്ട കരാറിൽ G.O.(P) 408/2007/ഫിൻ തീയ്യതി 7.9.2007 പരാമർശിച്ച കാണുന്നില്ലെങ്കിലും ആയതനുസരിച്ചുള്ള കൺസൽട്ടൻസി ചാർജ്ജ് നൽകിയിട്ടുള്ളതായി കാണുന്നു,

4. വർക്ക് ഓർഡർ നൽകി 4 മാസത്തിനകം (28.3.2014) ന് പ്രവൃത്തി പൂർത്തീകരിക്കേണ്ടിയിരുന്നു. എന്നാൽ കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാല രജിസ്ട്രാരുടെ 7479/2013/IDP Works(4)KUHS തീയതി 23.12.2014 പ്രകാരം 24.12.2014 നാണ് ഫൈനൽ ബിൽ നൽകിയിരിക്കുന്നത്. സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ പൂജപ്പുര ശാഖ 9.4.14 പ്രകാരം 435013BG0000217 പ്രകാരമുള്ള ബാങ്ക് ഗാരണ്ടി 31.3.2015 വരെ ദീർഘിപ്പിച്ച നൽകിയിട്ടുള്ളതായും പരിശോധനയിൽ കണ്ടു. പ്രവൃത്തി പൂർത്തീകരണം വൈകിയെന്നത് ഇതിൽ നിന്ന് സുവ്യക്തമാണ്. യഥാസമയം പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ കരാറുകാരനിൽ നിന്ന് ₹5,24,160/- 3-ാമത്തെ പാർട്ട് ബില്ലിൽ നിന്ന് കുറവ് ചെയ്യുകയും പിന്നീട് ഫൈനൽ ബിൽ നൽകുന്ന വേളയിൽ ഈ തുക തിരിച്ചുനൽകിയതായും കാണുന്നു.

പ്രവൃത്തി പൂർത്തീകരിക്കുന്നതിനുള്ള സമയം ദീർഘിപ്പിക്കുന്നതിന് കരാറുകാരൻ അപേക്ഷ നൽകുകയോ സപ്ലിമെന്ററി കരാർ ഒപ്പിട്ടു നൽകുകയോ ചെയ്തിട്ടില്ല.

പ്രവൃത്തി 24.03.2014 ന് പൂർത്തീകരിച്ചുവെങ്കിലും ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിന്റെ അനുമതിയും മറ്റു രേഖകളും ലഭിക്കാതിരുന്നതിനാൽ അവസാന ബില്ലിനൊപ്പമാണ് പൂർത്തീകരണ സാക്ഷ്യപത്രം നൽകിയത് എന്ന മറുപടിയാണ് ഓഡിറ്റ് എൻക്വയറിക്ക് നൽകിയിട്ടുള്ളത്. 'ലിഫ്റ്റ്-സപ്ലൈ & കമ്മീഷണിങ് ' എന്ന പ്രവൃത്തിയിൽ 2012 ലെ Kerala Lift & Escalator Rules R-42,6,6(2) എന്നിവ പ്രകാരമുള്ള Form F ലൈസൻസ് ലഭിയ്ക്കുമ്പോൾ മാത്രമാണ് 'കമ്മീഷണിങ്" പൂർത്തിയാകുന്നത്. ഇക്കാര്യത്തിൽ ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിൽ നിന്ന് ലൈസൻസ് ലഭിച്ചിട്ടുള്ളത് 08.08.2014 ന് മാത്രമാണ്.

പ്രവൃത്തി പൂർത്തീകരണത്തിന് സമയദൈർഘ്യം ഉണ്ടായിട്ടില്ലായിരുന്നുവെങ്കിൽ ഫൈൻ ഇനത്തിൽ ₹5,24,160/- ഈടാക്കിയത് എന്തിനായിരുന്നുവെന്നും ഫൈൻ ഇനത്തിൽ ഈടാക്കിയ തുക പിന്നീട് തിരികെ നൽകിയത് എന്തടിസ്ഥാനത്തിലാണെന്നും വ്യക്തമാക്കേണ്ടതാണ്.

5. മേൽപ്രകാരം പ്രവൃത്തിയ്ക്ക് കമ്പ്യൂട്ടറൈസ്ഡ് അളവുപുസ്തകം ഉപയോഗപ്പെടുത്തിയിട്ടുള്ളതായി പരിശോധനയിൽ കണ്ടു. സർക്കാർ അനുമതിയില്ലാത്ത കാലയളവിൽ കമ്പ്യൂട്ടറൈസ്ഡ് അളവുപുസ്തകങ്ങൾ ഉപയോഗപ്പെടുത്തിയത് ശരിയല്ല.

അളവെടുക്കുന്ന ദിവസംവരെയുള്ള പ്രവൃത്തികളാണ് അളവുപുസ്തകങ്ങളിൽ രേഖപ്പെടുത്തേണ്ടത്. മേൽപ്രകാരം പ്രവൃത്തിയുമായി ബന്ധപ്പെട്ട 4 അളവുപുസ്തകങ്ങളിലും 'എസ്റ്റിമേറ്റ് പ്രകാരമുള്ള മുഴുവൻ പ്രവൃത്തികളും ഒരേതരത്തിൽ രേഖപ്പെടുത്തി' ആകെ കരാർ തുക വിവിധ നിരക്കിലുള്ള ഗഡുക്കളായി നൽകുന്നതാണ് അളവുപുസ്തക പരിശോധനയിൽ കാണുന്നത്. അളവുപുസ്തകത്തിന്റെ ഉദ്ദേശ്യം തന്നെ അപ്രസക്തമാകുന്ന രീതിയിലാണ് രേഖപ്പെടുത്തലുകൾ നടത്തിയിട്ടുള്ളത്.

6. RA1, R-2 എന്നീ പാർട്ട് ബില്ലുകളിൽ നിന്ന് VAT, KCWWF എന്നിവ ഈടാക്കിയിട്ടില്ല. VAT തുക പിന്നീട് ഈടാക്കിയതിന്റെ വിവരം 4988/A4.Fin/Audit/KUHS 2016 തീയ്യതി 16-5-17 പ്രകാരം ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടിയായി ലഭ്യമാക്കിയിട്ടുണ്ട്. KCWWF ഈടാക്കിയിട്ടില്ലായെന്ന് അറിയിയ്ക്കുകയുമുണ്ടായി.

KCWWF ഈടാക്കേണ്ടതിന്റെ വിവരം

ബില്ലിന്റെ വിവരം	പാർട്ട് ബിൽ തുക	KCWWF ഈടാക്കേണ്ടത്
RA-1	48,97,200	48,972
RA-2	34,28,040	34,280
		83,252

ടെണ്ടർ നടപടികൾ കൂടാതെ പ്രവൃത്തി നടത്തിയതിനാലും മറ്റു അപാകതകളുടെ വെളിച്ചത്തിലും SITC-എലവേറ്റർ സിസ്റ്റം എന്ന പ്രവൃത്തിക്കുവേണ്ടി ₹97,94,400/- ചെലവഴിച്ചത് തടസ്സപ്പെടുത്തുന്നു. അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്.

പ്രവൃത്തി പൂർത്തീകരണ സമയം ദീർഘിപ്പിച്ചു നൽകിയ ഇനത്തിൽ ഈടാക്കിയതും പിന്നീട് തിരിച്ചു നൽകിയതുമായ ഫൈൻ ₹5,24,160/-യും KCWWF ഇനത്തിൽ ₹83,252/-യും കരാറുകാരനിൽ നിന്ന് ലഭ്യമാക്കേണ്ടതും ഫൈൻ ഇനത്തിലുള്ള തുക കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാല ഫണ്ടിൽ മുതൽ കൂട്ടേണ്ടതും KCWWF ഇനത്തിലുള്ള തുക കേരള നിർമ്മാണ തൊഴിലാളി ക്ഷേമബോർഡിലേയ്ക്ക് അടവാക്കേണ്ടതുമാണ്.

3.5) Improvement to the earthing system in Administrative Office building - providing pipe-in-pipe chemical earthing- അപാകതകൾ

ഫയൽ നം. 2076/IDP Works ELE KUHS 2014

ഭരണാനുമതി 2076/IDP Works ELE KUHS 2014 Dt.5.4.14
സാങ്കേതികാനുമതി : ഇല്ല
വർക്ക് ഓർഡർ നം. 2076/ IDP Works/ ELE /11/ KUHS 2014 dt.3.6.14
അളവുപുസ്തകം നം. KUHS/CMB 01/ pipe in pipe earthing 14-15 (MB 31/14-15)
വൗ.നം.2028 തീയതി 26.2.15 ₹7,53,449/-

നെറ്റ് വർക്കിങ് സിസ്റ്റത്തിനു വേണ്ടിയുള്ള പ്രത്യേകം കെമിക്കൽ എർത്തിങ് പ്രവൃത്തിയുമായി ബന്ധപ്പെട്ട അപാകതകൾ ഓഡിറ്റ് എൻക്വയറി നം.13/14-15 തീയതി 11.5.2017 പ്രകാരം സർവ്വകലാശാല അധികൃതരെ അറിയിക്കുകയുണ്ടായി.

കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാല രജിസ്ട്രാർ 18.5.2017 ൽ 4988/എ 4/ ഫിൻ ഓഡിറ്റ് KUHS/2016 നമ്പർ പ്രകാരം നൽകിയ മറുപടി പൂർണമായും തൃപ്തികരമായിരുന്നില്ല.

ഇക്കാര്യത്തിലുള്ള അപാകതകൾ താഴെ ചേർക്കുന്നു.

1. അർഹമായ ഡാറ്റ/നിരക്ക് പ്രകാരം പ്രവൃത്തിക്കുവേണ്ട എസ്റ്റിമേറ്റ് തയ്യാറാക്കുകയും ആയതിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുകയും ചെയ്യുകയാണ് സാങ്കേതികാനുമതി എന്നതുകൊണ്ട് വിവക്ഷിക്കുന്നത്. എന്നാൽ മേൽപ്രകാരം പ്രവൃത്തിക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ടെങ്കിലും കേരള പൊതുമരാമത്ത് വകുപ്പ് മാനുവൽ ഖണ്ഡിക 1801.1.2 ന് വിധേയമായിട്ടുള്ള സാങ്കേതികാനുമതി ലഭിച്ചിട്ടില്ല.

(എ) ₹9,64,435/- ചെലവു വരുന്ന എസ്റ്റിമേറ്റ് തയ്യാറാക്കിയെങ്കിലും ₹8,80,000/- പ്രവൃത്തി ചെയ്യുന്നതിന് കരാറുകാരൻ ടെണ്ടർ നൽകുകയും ₹7,53,449/- ചെലവഴിച്ച് പ്രവൃത്തി പൂർത്തീകരിച്ചിട്ടുള്ളതായും കാണുന്നു.

(ബി) എസ്റ്റിമേറ്റിലെ ചില ഇനങ്ങളിലും നിരക്കിലും വലിയ വ്യതിയാനം കാണുന്നു. വിശദ വിവരങ്ങൾ താഴെ ചേർക്കുന്നു.

		Unit	Total Quantity/ Area	എസ്റ്റിമേറ്റ് റേറ്റ്	കരാറുകാരൻ ക്വാട്ട് ചെയ്തത്	വ്യത്യാസം
ഇനം.1	Design Supply of materials **(നിരക്കിലുള്ള വ്യത്യാസം)**	No	17	29955	6000	(-)80%
ഇനം.2	Supply & Fixing 25x3m copper strips on wall **(അളവിലുള്ള വ്യത്യാസം)**	Mtr	Total Quantity 600 (Estimate പ്രകാരം)	ചെയ്ത പ്രവൃത്തി 704.15		(+) 17%
ഇനം.3	Supply & Fixing 25x3m copper strips through cable tray/trench **(അളവിലുള്ള വ്യത്യാസം)**	Mtr	Total Quantity 400 (Estimate പ്രകാരം)	ചെയ്ത പ്രവൃത്തി 132.70		(-)67%

എസ്റ്റിമേറ്റ് തയ്യാറാക്കിയത് ശരിയല്ലായെന്നും എസ്റ്റിമേറ്റും യഥാർത്ഥത്തിൽ പ്രവൃത്തി നിർവഹിച്ചപ്പോൾ ഉള്ള അളവുകളും തമ്മിലുള്ള കാര്യമായ വ്യത്യാസം "സാങ്കേതികാനുമതി" ഇല്ലാതിരുന്നതുമൂലമാണ് സംഭവിച്ചതെന്നും ഓഡിറ്റിൽ വിലയിരുത്തുന്നു. വിവിധ ഇനം പ്രവൃത്തികളുടെ നിരക്കിലും അളവിലും എസ്റ്റിമേറ്റിൽ നിന്ന് വിഭിന്നമായി വന്നിട്ടുള്ള വ്യതിയാനവും ഇക്കാര്യത്തിൽ റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കാതിരുന്നതും വിശദമാക്കുവാൻ ആവശ്യപ്പെട്ടിരുന്നു.

എർത്തിങ്ങിനുവേണ്ടി നിശ്ചയിച്ചിരുന്ന സ്ഥലത്ത് മറ്റ് നിർമാണ പ്രവൃത്തികൾ നടന്നതിനാൽ ലൊക്കേഷൻ മാറിയതുമൂലമാണ് പ്രവൃത്തി ചെയ്ത അളവുകളിൽ വ്യത്യാസം വന്നത് എന്നാണ് മറുപടി നൽകിയത്. ഈ സാഹചര്യത്തിൽ റിവൈസ്ഡ് എസ്റ്റിമേറ്റ്, പുതുക്കിയ സാങ്കേതികാനുമതി എന്നിവ കൂടാതെ പ്രവൃത്തി നിർവ്വഹിക്കാനിടവന്നിട്ടുള്ളത് ശരിയല്ല. ഇക്കാര്യത്തിൽ മറുപടിയൊന്നും ലഭ്യമാക്കുകയുണ്ടായില്ല.

2 മേൽപ്രകാരം പ്രവൃത്തിക്കുവേണ്ടി 12.6.2014 ൽ ഏർപ്പെട്ട കരാർ പ്രകാരം ആഴ്ചകളിൽ പ്രവൃത്തി പൂർത്തീകരിക്കേണ്ടതുണ്ടായിരുന്നുവെങ്കിലും 5 മാസത്തിലധികം വൈകി 01.11.2014 ൽ പണി പൂർത്തിയാക്കിയതായാണ് അളവുപുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുള്ളത്. ഓഡിറ്റ് എൻക്വയറിക്കു നൽകിയ മറുപടിയോടൊപ്പം ലഭ്യമാക്കിയിരുന്ന പ്രൊജക്റ്റ് ഡയറക്ടറുടെ പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രത്തിന്റെ തീയതി 06.02.2015 ആണ്. ഇക്കാര്യം വിശദമാക്കേണ്ടതാണ്.

യഥാസമയം പണി പൂർത്തിയാക്കാത്ത സംഗതിയിൽ കരാറുകാരൻ സമയം ദീർഘിപ്പിച്ചു നൽകുവാൻ ആവശ്യപ്പെട്ടിട്ടില്ലാത്ത സാഹചര്യത്തിൽ കരാർ റദ്ദ് ചെയ്ത് പ്രവൃത്തി റീടെണ്ടർ ചെയ്ത് കരാറുകാരന്റെ ചെലവിൽ പ്രവൃത്തി പൂർത്തീകരിക്കേണ്ടിയിരുന്നപ്പോൾ സമയം ദീർഘിപ്പിക്കുന്നതിനുവേണ്ടി കരാറുകാരൻ സപ്ലിമെന്ററി കരാർ സമർപ്പിച്ചിട്ടില്ലായെന്നത് ഫൈനൽ ബിൽ നൽകുന്ന വേളയിൽ മാത്രമാണ് കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാലയുടെ ശ്രദ്ധയിൽപ്പെട്ടത്. ഇതിനെത്തുടർന്ന് 2076/2/IDP/WORKS/ELE/KUHS/2014/Dt.2.2.15 പ്രകാരം സമയം ദീർഘിപ്പിച്ചു നൽകുകയും 03.02.2015 ന് കരാറുകാരൻ സപ്ലിമെന്ററി കരാർ വയ്ക്കുകയും ചെയ്തതായി പരിശോധനയിൽ കണ്ടു.

പ്രവൃത്തി പൂർത്തീകരിച്ചതിനുശേഷം സപ്ലിമെന്ററി കരാറിലേർപ്പെടുന്നതിന്റെ സാംഗത്യം വ്യക്തമാക്കേണ്ടതാണ്.

5. G.O.(MS)73/2013 PWD Dt.31.8.2013 അനുസരിച്ച് കെട്ടിടനിർമ്മാണ പ്രവൃത്തിയിലുൾപ്പെടുന്ന മേൽപ്രകാരം പ്രവൃത്തി ഇനത്തിന് 3 വർഷം defect liability period ഉള്ളപ്പോൾ Security Deposit ഇനത്തിൽ കരാറുകാരൻ ലഭ്യമാക്കിയ ₹44,000/- 1 വർഷത്തിനുശേഷം 2076/IDP WORKS ELE KUHS 2014 Dated 19.5.16 പ്രകാരം 'release' ചെയ്യുവാനിടയായിട്ടുണ്ട്.

മേൽപ്രകാരം അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്.

3.6) സ്റ്റാഫ് ക്വാർട്ടേഴ്സിലേയ്ക്കു വാട്ടർ കണക്ഷൻ- അപാകതകൾ

ഫയൽ നം. 8771/IDP Works KUHS 2014
ഭരണാനുമതി 8771/IDP WS WORKS KUHS 2014 Dt25.10.2014
സാങ്കേതികാനുമതി: ഇല്ല
വർക്ക് ഓർഡർ നം. 8771/IDP/WS/WORKS 24/KUHS2014 Dt.25.10.14
അളവുപുസ്തകം നം. MB 25/14-15
വൗ.നം. 1650/14-15 തീയതി 09.12.2014 ₹99,581/-

മേൽ പ്രകാരം പ്രവൃത്തിയുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.10/14-15 തീയതി 10.05.2017 ന് നൽകിയ മറുപടി തൃപ്തികരമല്ല. ഇക്കാര്യത്തിലുള്ള അപാകതകൾ താഴെ ചേർക്കുന്നു.

1. പ്രവൃത്തിയുമായി ബന്ധപ്പെട്ട എസ്റ്റിമേറ്റിന് കേരള പൊതുമരാമത്ത് മാനുവൽ ഖണ്ഡിക 1801.1.2 പ്രകാരം സാങ്കേതികാനുമതി ലഭിച്ചിട്ടില്ല.

2. അളവുപുസ്തക പ്രകാരം പ്രവൃത്തി പൂർത്തീകരണം 30.10.2014 ലും അളവെടുത്തിരിക്കുന്നത് 03.11.2014 നുമാണ്. ബാൾവാൽവ്, എയർവാൽവ്, MTA, റെഡ്യൂസർ എന്നിങ്ങനെ 23 ഇനങ്ങളുടെ സപ്ലൈയാണ് എസ്റ്റിമേറ്റ് പ്രകാരമുള്ള ആദ്യ ഇനങ്ങൾ. ചില ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

Sl.No	Sl No.in the Estimate	Brief Description of Item	Unit	Qty	Rate	Amount
1	1	Supply of 63MM(2")6KG PVC PASTED PIPE(ISI)	M	295	129.80	38291
2	2	Supply of 63MM PVC ELBOW(ISI)	No.	10	49.50	495
3	…….6	Supply of 32MM(1")PVC PASTED PIPE ISI	M	15.30	53.35	816.255
4	……10	Supply of 75MM PVC ELBOW ISI	No.	8	84.70	677.6
5	……13	Supply of 75MM PVC BALL VALVE	No.	1	495	495
6	……19	Supply of 25MM AIR VALVE	No.	2	495	990
7	22	Supply of SOLVENT BOND	Ltr.	2	957	1914
8	23	Supply of 75mm(2½")PVC PASTED PIPE 6KG ISI	M	108.70	189.20	20566.04

പ്രവൃത്തി 30.10.2014 ന് പൂർത്തിയായ സാഹചര്യത്തിൽ 03.11.2014 ന് അളവെടുത്തപ്പോൾ, അളവുപുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുള്ള അളവിലും തരത്തിലും ISI മാർക്കുള്ള പൈപ്പ്, രേഖപ്പെടുത്തിയ എണ്ണം ബാൾവാൽവ്, എൽബോ, റെഡ്യൂസർ എന്നിവയും മറ്റു സ്പെഷൽസും ഉപയോഗിച്ച് പ്രവൃത്തി പൂർത്തീകരിച്ചത് ബന്ധപ്പെട്ട സാങ്കേതിക ഉദ്യോഗസ്ഥർ എങ്ങനെ അളവ്/മേലളവെടുത്തുവെന്ന് വ്യക്തമാക്കുവാനാവശ്യപ്പെട്ടിരുന്നു.

'കൂടുതൽ കുഴലുകളും തുറന്ന ചാല് വഴിയാണ് ഇട്ടിരിക്കുന്നത്. അളവെടുക്കുന്നതിനുള്ള സൗകര്യാർത്ഥം കുഴൽ കുഴിച്ചിട്ട ഭാഗം മണ്ണ് മൂടിയത് അളവെടുത്ത ശേഷമാണ് ' എന്ന മറുപടിയാണ് നൽകിയിട്ടുള്ളത്.

വിവിധയിനം സ്പെഷലുകൾ ഉപയോഗിച്ച് വാട്ടർ കണക്ഷൻ പ്രവൃത്തി പൂർത്തീകരിച്ചതിനുശേഷം മാത്രം അളവ്/മേലളവെടുത്തിട്ടുള്ള സാഹചര്യത്തിൽ സപ്ലൈ ചെയ്ത സ്പെഷൽസ് ഉൾപ്പെടെ 23 ഇനങ്ങൾ എസ്റ്റിമേറ്റ് പ്രകാരം പ്രവൃത്തി ആരംഭിക്കുന്നതിന് മുമ്പ് സപ്ലൈ ചെയ്തതിന്റെ നിജസ്ഥിതി 'സപ്ലൈ' ഇനം പ്രവൃത്തി പ്രത്യേകം അളവെടുത്തിട്ടില്ലാത്ത സാഹചര്യത്തിൽ എങ്ങനെ ഉറപ്പുവരുത്തിയെന്ന് വ്യക്തമാക്കേണ്ടതാണ്.

3. 8771/3/IDP Works KUHS 2014 തീയതി 6.12.2014 പ്രകാരമാണ് മേൽ പ്രവൃത്തിയുടെ ഫൈനൽ ബിൽ നൽകിയിരിയ്ക്കുന്നത്. ഇക്കാര്യത്തിൽ 2% ആദായ നികുതി മാത്രമാണ് ഈടാക്കിയിരിയ്ക്കുന്നത്. വാറ്റ്, KCWWF എന്നിവ പിന്നീട് ഈടാക്കിയതിന്റെ വിശദവിവരങ്ങൾ ലഭ്യമാക്കുന്നതിന് ആവശ്യപ്പെട്ടിരുന്നു.

മേൽപ്രകാരം പ്രവൃത്തിക്കുവേണ്ടി 'Supply Order' നൽകുവാനിടയായ സാഹചര്യത്തിൽ VAT, KCWWF ഈടാക്കേണ്ടതില്ലായെന്ന മറുപടിയാണ് ലഭ്യമാക്കിയത്.

VAT, KCWWF എന്നിവ ഈടാക്കേണ്ടതിന്റെ വിവരം

പ്രവൃത്തിമൂല്യം	വാറ്റ്(3%)	KCWWF(1%)	ആകെ
99581	2987	996	3983

അപാകതകൾക്ക് മറുപടി നൽകേണ്ടതും വാറ്റിനത്തിൽ ₹2987/- KCWWF ഇനത്തിൽ ₹996/- എന്നിങ്ങനെ KAICL എന്ന സ്ഥാപനത്തിൽ നിന്ന് ഈടാക്കി യഥാക്രമം കേരള സർക്കാർ, KCWWF ബോർഡ് എന്നീ സ്ഥാപനങ്ങളിലേയ്ക്ക് അടവാക്കി വിവരം യഥാസമയം ഓഡിറ്റിന് നൽകേണ്ടതുമാണ്.

3.7) സർവ്വകലാശാല പ്രവേശനകവാടത്തിന് 3.26 സെന്റ് സ്ഥലം വാങ്ങൽ- അപാകതകൾ

വൗ.നം.377/14-15 Dt. 23.5.14 ₹3,59,500/-
വൗ.നം.378/14-15 Dt. 23.5.14 ₹3,59,500/-
വൗ.നം.379/14-15 Dt. 23.5.14 ₹3,59,500/-
ഫയൽ നം. 4283/2014 Admn A KUHS

സർവ്വകലാശാല പ്രവേശന കവാടം വീതി കൂട്ടുന്നതിനാവശ്യമായ 3.26 സെന്റ് സ്ഥലം (വെളപ്പായ വില്ലേജ്- റീസർവ്വേ നമ്പർ 27/13) കോരപ്പത്ത് കളപ്പുരയ്ക്കൽ തങ്കം നളിനിയമ്മ മക്കൾ ശ്രീ.വിജയകുമാർ മേനോൻ,ശ്രീ.മുരളീധരൻ, എളാട്ടുവളപ്പിൽ സരോജിനിയമ്മ മകൻ ശ്രീ.രാമചന്ദ്രൻ എന്നിവരിൽ നിന്ന് മുണ്ടൂർ സബ്ട്രഷറി, ആധാരം നം.1956 തീയതി 28.5.2014 ₹10,78,500/- വില കൊടുത്ത് (വെളപ്പായ വില്ലേജ്- റീസർവ്വേ നമ്പർ 27/13) വാങ്ങുകയുണ്ടായി.

ഇക്കാര്യത്തിലുള്ള അപാകതകൾ ഓഡിറ്റ് എൻക്വയറി നമ്പർ 15/14-15 തീയ്യതി 16.5.2017 പ്രകാരം കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാല അധികൃതരുടെ ശ്രദ്ധയിൽ കൊണ്ടു വരുകയുണ്ടായി. 4988/A4 Fin. ഓഡിറ്റ് KUHS 2016 തീയതി 23.5.2017 പ്രകാരമുള്ള മറുപടി തൃപ്തികരമല്ലായിരുന്നു. അപാകതകളുടെ വിശദ വിവരം താഴെ ചേർക്കുന്നു.

1. സർവ്വകലാശാല കെട്ടിട നിർമ്മാണം 06.02.2012 ലാണ് ആരംഭിച്ചത്. ഇതിനു വളരെ മുമ്പുതന്നെ കെട്ടിടത്തിന്റെ പ്ലാനും സ്കെച്ചും അംഗീകരിച്ച് ബിൽഡിംഗ് പെർമിറ്റ് ലഭിച്ചിരുന്നു. എന്നാൽ മേൽപ്രകാരം സ്ഥലം വാങ്ങുന്നതിനുള്ള നടപടിക്രമങ്ങൾ വളരെയധികം വൈകി 1/2014 ൽ മാത്രം കൈകൊള്ളുവാനിടയായ സാഹചര്യം ഓഡിറ്റ് എൻക്വയറിപ്രകാരം ആരാഞ്ഞിരുന്നു.

പ്രവേശനകവാടവും ബന്ധപ്പെട്ട പണികളും ആരംഭിച്ചത് 2013 അവസാനത്തോടെയായിരുന്നു. ഈ സാഹചര്യത്തിലാണ് വീതികുറവ് മനസ്സിലായതെന്നാണ് ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയത്.

പ്രവേശന കവാടത്തിന്റെ നിജസ്ഥിതി സർവ്വകലാശാല കെട്ടിട നിർമ്മാണം തുടങ്ങിയ സാഹചര്യത്തിൽ തന്നെ സാമാന്യജ്ഞാനമുള്ള ഏതൊരാൾക്കും ഗ്രഹിക്കാനാകുമെന്നിരിക്കെ ഉന്നത സാങ്കേതിക യോഗ്യതയുള്ള പ്രൊജക്ട് ഡയറക്ടർ, എഞ്ചിനിയർമാർ ഉൾപ്പെടെയുള്ള സർവ്വകലാശാല ഉദ്യോഗസ്ഥർക്ക് പ്രവേശന കവാടത്തിന്റെ പണികൾ തുടങ്ങിയപ്പോൾ മാത്രമാണ് വീതിക്കുറവ് ശ്രദ്ധയിൽപ്പെട്ടതെന്ന വാദം അവിശ്വസനീയമാണ്. കെട്ടിട നിർമ്മാണം ആരംഭിച്ച 2012 വർഷം തന്നെ സ്ഥലം വാങ്ങുന്നതിനുള്ള നടപടിക്രമം ആരംഭിച്ചിരുന്നുവെങ്കിൽ 1894 ലെ സ്ഥലമെടുപ്പ് ആക്റ്റ് പ്രകാരം ഭൂമി ആർജ്ജിക്കാമായിരുന്നു. ഉടമസ്ഥരിൽ നിന്ന് നേരിട്ടു വാങ്ങുകയാണെങ്കിൽ കൂടി ഇപ്പോൾ ചെലവ് ചെയ്തതിന്റെ നാലിലൊരുഭാഗം വിലയ്ക്കു ഭൂമി ലഭിക്കുമായിരുന്നു.

2. ഭൂമി വാങ്ങുന്ന സംഗതിയിൽ ഗവൺമെന്റ് പ്ലീഡറിൽ നിന്ന് 'clear title certificate' ലഭ്യമാക്കേണ്ടതുണ്ടായിരുന്നുവെങ്കിലും ഇപ്രകാരം സാക്ഷ്യപത്രം വാങ്ങിയിട്ടില്ലായെന്ന് ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകുകയുണ്ടായി. ഈ സാഹചര്യത്തിൽ ഭൂമിയുടെ ഉടമസ്ഥാവകാശം അന്യൂനമാണെന്ന് എങ്ങനെ വിലയിരുത്തിയെന്ന് വ്യക്തമാക്കേണ്ടതാണ്. നിലവിലുള്ള നിയമപ്രകാരം 'clear title certificate' ലഭ്യമാക്കാതെ ഭൂമി വാങ്ങാനിടയായത് വിശദീകരിക്കേണ്ടതാണ്.

3. ഭൂമി വാങ്ങി 3 വർഷം കഴിഞ്ഞിട്ടും പോക്കുവരവു നടത്തി കരമടച്ചിട്ടില്ലാത്തതായും പരിശോധനയിൽ കണ്ടു. പോക്കുവരവിനുള്ള അപേക്ഷ വില്ലേജ് ഓഫീസിൽ നൽകിയിട്ടുണ്ടെന്ന അലക്ഷ്യമായ മറുപടിയാണ് ഓഡിറ്റ് എൻക്വയറിക്ക് നൽകിയിട്ടുള്ളത്. പോക്ക് വരവിന് നൽകിയ അപേക്ഷയുടെ നിലവിലുള്ള അവസ്ഥ എന്താണെന്ന് പോലും സർവ്വകലാശാലാധികൃതർ ആരാഞ്ഞിട്ടില്ല. പോക്ക് വരവ് നടത്തി കരം അടക്കുന്നതിന് കാലതാമസം വരുവാനിടയായ സാഹചര്യം വ്യക്തമാക്കേണ്ടതും കരമടച്ച് രസീത് താമസംവിനാ ഓഡിറ്റിന് ഹാജരാക്കേണ്ടതുമാണ്.

4. പ്രവേശനകവാടത്തിനായി 2.72 സെന്റ് സ്ഥലം വാങ്ങുന്നതിനാണ് റവന്യൂ അധികാരികളും സർവ്വകലാശാല അധികൃതരും നടപടികൾ സ്വീകരിച്ചത്. വില്ലേജ് ഓഫീസറുടെ 30/2014 തീയ്യതി 29.1.2014 പ്രകാരമുള്ള സാക്ഷ്യപത്രം വാങ്ങിയ വേളയിൽ ആവശ്യമുള്ള ഭൂമി 3.26 സെന്റ് എന്ന തോതിൽ വർധിയ്ക്കാനിടവന്നു. പീച്ചി ജലസേചന കനാൽ പരിസരത്തുള്ള സ്ഥലം ആണെന്നതിനാൽ 'പുറമ്പോക്ക് ഭൂമി ഉൾപ്പെട്ടിരിക്കുവാൻ സാധ്യതയുണ്ട്. ഇക്കാര്യത്തിലുള്ള നിജസ്ഥിതി അറിയിയ്ക്കേണ്ടതാണ്.

5. വെളപ്പായ വില്ലേജ് ഓഫീസറുടെ 30/2014 തീയ്യതി 29.1.2014 സാക്ഷ്യപത്രപ്രകാരം ഇപ്പോൾ വാങ്ങിയ ഭൂമിയുടെ കമ്പോളവില ആർ ഒന്നക്ക് ₹3,50,000/- ,ന്യായവില ആർ ഒന്നക്ക് ₹80,000/- എന്നിങ്ങനെയാണ്. എന്നാൽ ഭൂമി വാങ്ങിയത് ആർ ഒന്നക്ക് ₹8,17,477/- എന്ന നിരക്കിലാണ്. (3.26 സെന്റിന് ₹10,78,500/-) ഈ ഭൂമിയോട് അടുത്തുള്ളതും ഇപ്പോൾ സർവ്വകലാശാലയ്ക്കുവേണ്ടി സ്ഥലമെടുപ്പ് നടപടികളിലുൾപ്പെട്ടതുമായ ബ്ലോക്ക് IV ലെ ഭൂമിക്ക് DPLPC, SLEC എന്നിവയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ G.O.(Rt)4263/14RD Dt.1.9.14 പ്രകാരം നിശ്ചയിച്ചിരിക്കുന്നത് ആർ ഒന്നക്ക് ₹4,94,000/- ആണ് . കൂടുതൽ സ്ഥലമുടമകളും ഈ നിരക്ക് അംഗീകരിച്ചതായാണ് 401/Admn 2010/KUHS Land Acquisition Vol I, Vol II എന്നീ നമ്പരിലുള്ള ഫയൽ പരിശോധനയിൽ കണ്ടത്.

1894 ലെ സ്ഥലമെടുപ്പ് ആക്റ്റിനു വിധേയമായി 17.95 ഏക്കർ ഭൂമി പൊന്നുംവിലയ്ക്കെടുക്കുന്ന നടപടികൾ അവസാനഘട്ടത്തിലാണ്. അധികവില നൽകി 3.26 സെന്റ് ഭൂമി വാങ്ങിയത് മുമ്പ് സൂചിപ്പിച്ചതു പ്രകാരം നിശ്ചിത കാലയളവിൽ നടത്തിയ ആധാരങ്ങൾ പ്രകാരമുള്ള ഭൂമിയുടെ വിലകൾ കണക്കാക്കി പൊന്നുംവിലയ്ക്കെടുക്കുന്ന 17.95 ഏക്കർ ഭൂമിയുടെ 'സൊലേഷ്യം തുകയിനത്തിൽ അധികതുക റവന്യൂ അധികൃതർ നിർണ്ണയിക്കുന്നതിനും പൊന്നുംവിലയിനത്തിൽ സർവ്വകലാശാലയ്ക്ക് അധികതുക നൽകുന്നതിനും കാരണമാകുന്നതാണ്.

അപാകതകൾ വിശദീകരിക്കേണ്ടതും കരമടച്ച രസീത് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

3.8) ബന്ധപ്പെട്ട രജിസ്റ്ററുകൾ/രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ₹1,65,800/- ചെലവ് ചെയ്തത് തടസ്സപ്പെടുത്തുന്നു.

വിവിധ ചെലവുകളുമായി ബന്ധപ്പെട്ട രജിസ്റ്ററുകൾ രേഖകൾ ഹാജരാക്കാത്തതിന്റെ വിവരങ്ങൾ താഴെ ചേർത്തിരിക്കുന്നു

ക്രമ നം.	ചെലവിന്റെ വിശദവിവരങ്ങൾ	ചെലവുതുക	ചെലവ് തുക തടസ്സപ്പെടുത്തുന്നതിനുള്ള കാരണം
1	കൊക്കോലോൺ നനയ്ക്കുന്നതിന് മോട്ടോർ പമ്പ് വാങ്ങൽ, ഫയൽ നം.2935/2014/Admn & Gen/13 വൗ.നം.2365/തീയതി21.3.2014 ₹29,700 ആകെ ₹29,700/- മുൻകൂർ നൽകി യതിൽ ₹50/- റസീറ്റ് നം.424 തീയതി 26.3.2014 പ്രകാരം തിരിച്ചടച്ചതിന്റെ രശീത് പരിശോധനയ്ക്ക് ഹാജരാക്കി ഓഡിറ്റ് എൻക്വയറി നം.12/14-15 തി.11.5.2017-മറുപടി തൃപ്തികരമല്ല	₹29,650/-	1. പ്രവൃത്തി അളവുപുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടില്ല. 2. മോട്ടോർ പമ്പ് വാങ്ങിയതിന്റെ അസ്സൽ ബിൽ ഹാജരാക്കിയിട്ടില്ല. 3. സ്റ്റോക്ക് രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.
2	GWD മുഖേന ബോർവെൽ കുഴിക്കൽ ഫയൽ നം.1001/2011 WORKS /KUHS വൗ.നം.56 തീയതി 4.4.14, ₹1,36,150/- ഓഡിറ്റ് എൻക്വയറി നം.11/14-15 തി.11.5.2017-മറുപടി തൃപ്തികരമല്ല	₹1,36,150/-	1. ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിൽ നിന്ന് പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. 2. ബോർവെൽ കുഴിക്കുന്ന തിനു മുമ്പ് ഇൻഷുറൻസ് എടുത്തിരുന്നില്ല. ഒരു ബോർവെല്ലിൽ നിന്ന് വെള്ളം ലഭ്യമായിട്ടില്ലായെന്നാണ് അനൗദ്യോഗികമായി അറിയാൻ കഴിഞ്ഞത്. ഇൻഷുറൻസ് എടുത്തിരുന്നുവെങ്കിൽ നഷ്ടപരിഹാരമിനത്തിൽ ചെലവു ചെയ്ത തുക സർവ്വകലാശാലയ്ക്ക് ലഭിക്കുമായിരുന്നു,
		₹1,65,800/-	

ബന്ധപ്പെട്ട രജിസ്റ്ററുകൾ /രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കാത്ത സാഹചര്യത്തിൽ ആകെ ₹1,65,800/- ചെലവു ചെയ്തത് താഴെ ചേർത്തിരിക്കുന്നതു പ്രകാരം തടസ്സപ്പെടുത്തുന്നു.

2013-14- ₹29,650/-
2014-15 - ₹1,36,150/-
₹ 1,65,800/-
==========

3.9) **Land Scaping & tree planting-Kerala Agro Industries Corporation Ltd ന് Mobilization Advance നൽകിയതു ശരിയല്ല-₹1,08,296/- പലിശയിനത്തിൽ സർവ്വകലാശാലയ്ക്ക് നഷ്ടമായത് ഈടാക്കേണ്ടതാണ്.**

ഫയൽ നമ്പർ : 8236/2013 IDP Works KUHS

വൗച്ചർ നം. 2467 തീയ്യതി 31.3.2014 ₹ 12,00,000/-

ഭരണാനുമതി : 8236/2013 IDP Works KUHS Dt 18.12.2013
സാങ്കേതികാനുമതി

വർക്ക് ഓർഡർ നം. 8236/2013 IDP Works 05/KUHS Dt.27.1.2014
അടങ്കൽ തുക ₹ 37,20,408/-
കരാർ നം. ഇല്ല തീയ്യതി : 12.02.2014

ഓഡിറ്റ് എൻക്വയറി നം.22/13-14 തീയതി 17.5.2017
ഓഡിറ്റ് എൻക്വയറിയ്ക്കുള്ള മറുപടി 4988/A4/ Fin.ഓഡിറ്റ് KUHS 2016 തീ:22.5.2017

അക്രഡിറ്റഡ് സ്ഥാപനങ്ങൾ നേരിട്ട് പ്രവൃത്തി ചെയ്യുന്ന സാഹചര്യത്തിൽ സർക്കാർ അനുമതിക്കു വിധേയമായി മാത്രം അടങ്കൽ തുകയുടെ 20% മൊബിലൈസേഷൻ നൽകുന്നതിന് സ.ഉ.311/14/ഫിൻ തീയ്യതി 30.7.2014 പ്രകാരം മാത്രമാണ് ഉത്തരവായിട്ടുള്ളത്.ഇപ്രകാരം ഉത്തരവ് ഉണ്ടാകുന്നതിന് മുമ്പ് തന്നെ കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ എന്ന സ്ഥാപനത്തിന് 12 ലക്ഷം രൂപ മൊബിലൈസേഷൻ നൽകിയത് വിശദീകരിക്കുവാൻ ഓഡിറ്റ് എൻക്വയറി പ്രകാരം ആവശ്യപ്പെട്ടിരുന്നു.

വർക്ക് ഓർഡർ ഖണ്ഡിക 7.1 പ്രകാരം 12 ലക്ഷം മൊബിലൈസേഷൻ അഡ്വാൻസ് നൽകാമെന്ന വ്യവസ്ഥയിലാണ് KAICL പദ്ധതി നിർവ്വഹണം ഏറ്റെടുത്തതെന്നും അല്ലാത്ത പക്ഷം നിരക്ക് ഇനിയും ഉയരുമായിരുന്നുവെന്നും തത്തുല്യമായ തുകക്കുള്ള ബാങ്ക് ഗ്യാരണ്ടി വാങ്ങിയതിന് ശേഷമാണ് മൊബിലൈസേഷൻ വാങ്ങിയത് എന്നുമുള്ള മറുപടിയാണ് സർവ്വകലാശാല അധികൃതർ ലഭ്യമാക്കിയിട്ടുള്ളത്.

സർവ്വകലാശാല ₹12 ലക്ഷം നൽകിയതിനുശേഷം KAICL തത്തുല്യ തുകയ്ക്ക് ബാങ്ക് ഗ്യാരണ്ടി നൽകിയെന്നത് സ്വീകാര്യമായ മറുപടിയല്ല.

മൊബിലൈസേഷൻ ഇനത്തിൽ ₹12 ലക്ഷം നൽകിയത് KAICL ൽ നിന്ന് ഈടാക്കിയത് 8236/2013/IDP WORKS KUHS തീയതി:12.02.2016 പ്രകാരമാണ്.

2013-14, 2014-15 കാലയളവിൽ സ്ഥിരനിക്ഷേപത്തിന് 9% നിരക്കിൽ പലിശ സർവ്വകലാശാലയ്ക്ക് ലഭിച്ചിരുന്നു. ഈ സാഹചര്യത്തിൽ 2013-14, 2014-15 കാലയളവിൽ മൊബിലൈസേഷൻ ഇനത്തിൽ സർക്കാർ അനുമതിയില്ലാതെ അനർഹമായി നൽകിയ തുകയ്ക്ക് 9% നിരക്കിൽ സർവ്വകലാശാലയ്ക്ക് പലിശയിനത്തിൽ നഷ്ടം വന്നിട്ടുള്ളതായി ഓഡിറ്റിൽ കണക്കാക്കുന്നു. പലിശയിനത്തിൽ നഷ്ടം വന്ന തുകയുടെ വിശദവിവരം താഴെ ചേർക്കുന്നു.

2013-14

2013-14 (31.3.2014 ഒരു ദിവസം- തുക നൽകിയ തീയ്യതി) $= 12,00,000 \times \frac{9}{100} \times \frac{1}{365} = 296$

2014-15

4/2014 മുതൽ 3/2015 വരെ $12,00,000 \times \frac{9}{100} = 1,08,000/-$

2013-14, 2014-15 കാലയളവിൽ പലിശയിനത്തിൽ ആകെ നഷ്ടം : 1,08,296/- (296+1,08,000)

=======

KAICL ന് മൊബിലൈസേഷൻ തുക നൽകുന്നതിന് കരാർ/വർക്ക് ഓർഡർ എന്നിവയിൽ കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാലയ്ക്കു വേണ്ടി ഒപ്പുവെച്ച് ബാധ്യതയേൽക്കുകയും അഡ്വാൻസ് തുകയിനത്തിൽ 12 ലക്ഷം രൂപ അനർഹമായി നൽകുകയും ചെയ്തതിലൂടെ പലിശയിനത്തിൽ ആകെ ₹1,08,296/- സർവ്വകലാശാലയ്ക്ക് നഷ്ടം വന്ന സംഗതിയിൽ(₹296(13-14)+₹1,08,000(14-15)) ഉത്തരവാദിയായ ഉദ്യോഗസ്ഥൻ ഡോ.ഐപ്പ് വർഗ്ഗീസ്, രജിസ്ട്രാറിൽ നിന്ന് ഈടാക്കേണ്ടതാണ്.

ഭാഗം 4:
ധനസ്ഥിതി വിവരണവും ഓഡിറ്റ് പ്രത്യവലോകനവും

(എ) 2013-14, 2014-15 വർഷങ്ങളിലെ വരവ് -ചെലവ് കണക്കുകൾ

വരവ്

ക്രമ നം	ഇനം	തുക	
		2013-14	2014-15
1	ഗ്രാന്റ്-ഇൻ- എയ്ഡ്(നോൺ പ്ലാൻ)	41400000	30350000
2	മറ്റ് ഏജൻസികളിൽ നിന്നുള്ള ഗ്രാന്റുകൾ	---	955000
3	ഫീസുകളിൽ നിന്നുള്ള വരുമാനം	436938081	409350751
4	പലിശ വരവ്	50229827	76740067
5	മറ്റ് വരവുകൾ	490056	1438718
	ആകെ	529057964	518834536

ചെലവ്

ക്രമ നം	ഇനം	തുക	
		2013-14	2014-15
1	ശമ്പളം, മറ്റാനുകൂല്യങ്ങൾ	39751234	45908855
2	പൊതുഭരണ ചെലവുകൾ	18316482	22376449
3	പരീക്ഷാച്ചെലവ്	78942601	125770531
4	ഡിപ്രീസിയേഷൻ	8945139	65183896
	ആകെ	145955456	259239731

(ബി) **ഓഡിറ്റ് ചാർജ്ജ്**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം ,വകുപ്പ് 19(1), 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങൾ, ചട്ടം 24 എന്നിവ പ്രകാരം കണക്കാക്കിയ ഓഡിറ്റ് ചാർജ്ജ് താഴെ ചേർക്കുന്നു. (ഓഡിറ്റിന് ലഭ്യമാക്കിയ ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവുകളാണ് കണക്കിലെടുത്തിരിക്കുന്നത്)

		2013-14	2014-15
ആകെ വരവ്		529057964	518834536
(-) സർക്കാർ പദ്ധതിയേതരവിഹിതം (-) മറ്റ് ഏജൻസികളിൽ നിന്നുള്ള ഗ്രാന്റ്		41400000	30350000 955000
ഓഡിറ്റ് ചാർജ്ജ് കണക്കാക്കാവുന്ന വരവ്		487657964	487529536
1% നിരക്കിൽ ഓഡിറ്റ്ചാർജ്ജ്		**4876580**	**4875295**
മുൻവർഷം അടവാക്കാൻ ബാക്കിനിൽക്കുന്ന ഓഡിറ്റ്ചാർജ്ജ്; 2009-10	7364		
2010-11	402442		
2011-12	893100		
2012-13	1285101		
അടവാക്കാൻ ബാക്കി നിൽക്കുന്ന ആകെ ഓഡിറ്റ്ചാർജ്ജ്	2009-10 മുതൽ 2012-13 വരെ - 25,88,007 2013-14 - 48,76,580 2014-15 - 48,75,295 **ആകെ** 1,23,39,882		

(സി) ഓഡിറ്റ് പ്രത്യവലോകനം

(1)സാമ്പത്തിക നില (ലഭ്യമാക്കിയ അക്കൗണ്ട്സ് പ്രകാരം)

ഇനം	2013-14	2014-15
മുന്നിരിപ്പ്	656282990 *	1027247078
വരവ് (റസീപ്റ്റ്സ് & പേയ്മെന്റ് പത്രിക പ്രകാരം)	702968665	612769426
ആകെ	1359251655	1640016504
ചെലവ് (റസീപ്റ്റ്സ് & പേയ്മെന്റ് പത്രിക പ്രകാരം)	332004577	399460114
നീക്കിയിരിപ്പ്	1027247078	1240556390

* ഖണ്ഡിക 1.2.3, 1.2.4 എന്നിവ കാണുക

നീക്കിയിരിപ്പിന്റെ വിശദവിവരങ്ങൾ

ഇനം	2013-14	2014-15
കയ്യിരിപ്പ് പണം	3919	3919
ട്രഷറി സേവിംഗ്സ് ബാങ്ക്	203610134	103660134
എസ്.ബി.ഐ. ഇ.പെയ്മെന്റ് അക്കൗണ്ട്	683780	---
എസ്.ബി.ഐ, ജനറൽ ഫണ്ട് (അക്കൗണ്ട് നം.1)	12749613	19416050
എസ്.ബി.ഐ,സ്റ്റുഡന്റ്സ് രജിസ്ട്രേഷൻ ഫീസ് (അക്കൗണ്ട് നം.2)	727848	1078915
എസ്.ബി.ഐ, എക്സാമിനേഷൻ ഫീസ് (അക്കൗണ്ട് നം.3)	2072115	5087639
എസ്.ബി.ഐ,ക്യാമ്പസ് പ്രോജക്ട് (അക്കൗണ്ട് നം.4)	7149175	6855885
എസ്.ബി.ഐ, സ്റ്റുഡന്റ്സ് വെൽഫയർ ഫണ്ട് (അക്കൗണ്ട് നം.5)	3627	--
എസ്.ബി.ഐ, കൺട്രോളർ ഓഫ് എക്സാമിനേഷൻസ്-അഡ്വാൻസ് (അക്കൗണ്ട് നം.6)	555622	483197

എസ്.ബി.ഐ. എക്സാമിനേഷൻ എക്സ്പെൻസസ് (അക്കൗണ്ട് നം.8)	1635525	6871456
സ്ഥിരനിക്ഷേപം- എസ്.ബി.ഐ., കെ.യു.എച്ച്.എസ്. ബ്രാഞ്ച്	498514831	708119510
സ്ഥിരനിക്ഷേപം-എസ്.ബി.ഐ., വടക്കാഞ്ചേരി ബ്രാഞ്ച്	24303136	20018006
സ്ഥിരനിക്ഷേപം -എസ്.ബി.ടി.തൃശ്ശൂർ	275237753	368961679
ആകെ	**1027247078**	**1240556390**

(2) **സംക്ഷിപ്തവിവരം**

(ഓഡിറ്റിന് ലഭ്യമാക്കിയ ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവു-ചെലവുകളാണ് കണക്കിലെടുത്തിരിക്കുന്നത്)

	2013-14	2014-15
ഓഡിറ്റ് വർഷത്തെ ആകെ വരവ്	529057964	518834536
ഓഡിറ്റ് വർഷത്തെ ആകെ ചെലവ്	145955456	259239731

വരവിനങ്ങളിലെ നഷ്ടം	**ഇല്ല**
ചെലവിനങ്ങളിലെ നഷ്ടം/അംഗീകരിക്കാത്ത തുക	₹296 (2013-14) ₹1,08,000 (2014-15) **₹1,08,296**
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	₹4829650 (2013-14) ₹9930550 (2014-15) **₹14760200**

(3) സർവ്വകലാശാല ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഖണ്ഡിക നമ്പർ	നഷ്ടമായ തുക		ഉത്തരവാദിയായ ആളുടെ പേരും മേൽവിലാസവും
	ചാർജ്ജ് ചെയ്യാവുന്നത്	സർചാർജ്ജ് ചെയ്യാവുന്നത്	
3.9	---	₹296 (2013-14) ₹1,08,000 (2014-15) **₹1,08,296**	ഡോ.വി.ഐപ്പ് വർഗ്ഗീസ് വേങ്ങൽ, സിവിൽസ്റ്റേഷൻ റോഡ് കോഴിക്കോട്- 673 008
ആകെ		**₹1,08,296**	

(4) തടസ്സപ്പെടുത്തിയ തുക

ഖണ്ഡിക നമ്പർ	തടസ്സപ്പെടുത്തിയ തുക	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
3.2	₹48,00,000 (2013-14)	ഡോ.എം.കെ.മംഗളം, രജിസ്ട്രാർ
3.4	₹97,94,400 (2014-15)	ഡോ.വി.ഐപ്പ് വർഗ്ഗീസ് രജിസ്ട്രാർ
3.8	₹29,650 (2013-14) ₹1,36,150 (2014-15 ₹1,65,800	
ആകെ	**₹1,47,60,200**	

(5) കേന്ദ്ര സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഖണ്ഡിക 3.4- ₹83,252 (2014-15, കേരള നിർമ്മാണത്തൊഴിലാളി ക്ഷേമനിധി ബോർഡ്)
ഖണ്ഡിക 3.6- ₹2987 (2014-15, സംസ്ഥാന സർക്കാർ)
ഖണ്ഡിക 3.6- 996 (2014-15, കേരള നിർമ്മാണത്തൊഴിലാളി ക്ഷേമനിധി ബോർഡ്)

(6) **നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

(7) **നഷ്ടത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ**

പേരും ഉദ്യോഗപ്പേരും	ഓഡിറ്റ് വർഷത്തെ ഔദ്യോഗിക മേൽവിലാസം	സ്ഥിരം മേൽവിലാസം പിൻകോഡ് സഹിതം
ഡോ.വി.ഐപ്പ് വർഗ്ഗീസ് രജിസ്ട്രാർ.	ഡോ.വി.ഐപ്പ് വർഗ്ഗീസ് രജിസ്ട്രാർ,കേരള യൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് സയൻസ്, മെഡിക്കൽ കോളേജ്. പി.ഒ. തൃശ്ശൂർ-680596	ഡോ.വി.ഐപ്പ് വർഗ്ഗീസ് വേങ്ങൽ, സിവിൽസ്റ്റേഷൻ റോഡ് കോഴിക്കോട്- 673 008

(ഡി) **തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ**

ഓഡിറ്റ് വർഷം	ഈ ഓഫീസിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം	അഭിപ്രായം
2009-2010	നം.എൽ.എഫ്. (കെ.യു.എച്ച്.എസ്). ഇ 1-169/2013/തീ.16.5.2014	
2010-11	നം.എൽ.എഫ്. (കെ.യു.എച്ച്.എസ്). ജി1-113/2015/തീ.11.6.2015/16.7.2015	
2011-12	നം.എൽ.എഫ്. (കെ.യു.എച്ച്.എസ്). ജി1-114/2015/തീ.11.6.2015/16.7.2015	
2012-13	നം.കെ.എസ്.എ.(എച്ച്.എ.യു.)ജി.2-115/2016 തീയതി 10.5.2016/01.6.2016	

ജോയിന്റ് ഡയറക്ടർ